പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 151* | 6.7.2010 ൽ മറുപടിക്ക്

## റോഡുകളുടെ വികസനത്തിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി.രവീന്ദ്രനാഥ് :<br>ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ:<br>ശ്രീ.വി.എൻ. വാസ്‌വൻ:<br>ശ്രീ. എ.എം.യൂസഫ് : | ഡോ റ്റി.എം. തോമസ് ഐസക്.<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) നഗരങ്ങളിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും റോഡുകളുടെ വികസനത്തിനുമായി പദ്ധതി ആവിഷ്ക്കരിക്കുന്നതിന് നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഏതെല്ലാം നഗരങ്ങളിലാണ് ഇതിനായി സർവ്വെ നടത്തുന്നത് ; | (ബി). തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, തൃശ്ശൂർ, പാലക്കാട്, നെയ്യാറ്റിൻകര, വടകര കണ്ണൂർ, മലപ്പുറം കാസർകോട്, തൊടുപുഴ, പത്തനംതിട്ട, അടൂർ, കായംകുളം, കൽപ്പറ്റ,ഇടുക്കി, കോതമംഗലം, അങ്കമാലി, മൂവാറ്റുപുഴ, ആലുവ, പറവൂർ എന്നീ നഗരങ്ങളിലാണ് സർവെ നടത്തുന്നത്. |
| (സി) സർവ്വെയിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്തുന്നത് ; | (സി) താഴെപ്പറയുന്ന വിവരങ്ങളാണ് സർവെയിൽ ഉൾപ്പെടുത്തുന്നത്.<br>1. റോഡ് കണക്കെടുപ്പ്<br>2. വേഗത കണക്കാക്കൽ<br>3. ഗതാഗതക്കുരുക്കുകളുടെ കണക്കെടുപ്പ്<br>4. പാർക്കിംഗ് ആവശ്യങ്ങൾ<br>5. കാൽ നടക്കാരുടെ കണക്കെടുപ്പ്<br>6. ചരക്കു നീക്കുന്നതിന്റെ കണക്കെടുപ്പ്<br>7. ബൈപാസ്സ് ചെയ്യുന്ന ആൾക്കാർ / സാധനങ്ങളുടെ കണക്കെടുപ്പ്<br>8. റോഡിന്റെ തുടക്കം - ഒടുക്കം എന്നിവ സംബന്ധിച്ച കണക്കെടുപ്പ് |

| | |
|---|---|
| (ഡി) എല്ലാ നഗരങ്ങളിലും ഒരേ സമയം സർവ്വെ നടത്താൻ സംവിധാനം ഏർപ്പെടുത്തുമോ ; | (ഡി) എല്ലാ നഗരങ്ങളിലും ഒരേ സമയം സർവ്വേ നടത്തുവാൻ വളരെയധികം മനുഷ്യ വിഭവ ശേഷി ആവശ്യമായതിൽ നിർവാഹമില്ല. |
| (ഇ) ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് റിംഗ് റോഡുകളും ബൈപാസ്സും നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിഗണിക്കുമോ; | (ഇ) പരിഗണിക്കുന്നതാണ്. |
| (എഫ്) ആയതിനുള്ള മാസ്റ്റർ പ്ലാൻ എന്നത്തേക്ക് തയ്യാറാക്കുമെന്ന് വ്യക്തമാക്കുമോ | (എഫ്) 2010 അവസാനത്തോടെ നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം മാസ്റ്റർപ്ലാൻ രൂപീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 152 06.07.2010-ൽ മറുപടിക്ക്**

**<u>നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം .എ. വാഹിദ് :<br>ശ്രീ. എ.പി. അനിൽകുമാർ :<br>ശ്രീ. ടി. എൻ പ്രതാപൻ :<br>ശ്രീ. കെ. അച്ചുതൻ : | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>( മുഖ്യമന്ത്രി) |
| (എ) നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) ഉണ്ട് |
| (ബി) ഈ സ്ഥാപനത്തിന്റെ കാര്യക്ഷമത കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നകാര്യം പരിശോധിക്കുമോ ; | (ബി) കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. ഇതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്രവാസി മലയാളികളുടെ എന്നപോലെ മറുനാടൻ മലയാളികളുടെ പ്രശ്നപരിഹാരത്തിന് നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) എങ്കിൽ ഇതിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ? | ഡി) നോർക്ക-റൂട്ട്സിന്റെ എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഓഫീസുകൾ മുംബൈയിലും ഡൽഹിയിലുമായി പ്രവർത്തിച്ചുവരുന്നു.. കൂടാതെ ചെന്നൈയിലും ബംഗ്ളൂരിലും എൻ.ആർ.കെ. ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും പ്രവാസി / മറുനാടൻ മലയാളികൾക്കിടയിൽ പ്രവർത്തിക്കുന്ന അസോസിയേഷനുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നോർക്ക-റൂട്ട്സിന്റെ 29-ാമത് ഡയറക്ടർ ബോർഡ് യോഗത്തിൽ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 153* | 6.7.2010 ൽ മറുപടിക്ക്

# റോഡുകളുടെ അറ്റകുറ്റപ്പണികൾ

**ചോദ്യം**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :

**ഉത്തരം**

ഡോ. റ്റി.എം. തോമസ് ഐസക്
(ധന വകുപ്പ് മന്ത്രി)

(എ) റോഡുകളുടെ അറ്റകുറ്റപ്പണികൾ കാലതാമസം കൂടാതെ നിർവ്വഹിക്കുന്നതിനായി പ്രത്യേക സംവിധാനവും, നടപടിക്രമവും ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(എ) 2010 ജൂലൈ 5ന് മുമ്പ് സംസ്ഥാനത്തിലെ നിരത്തുകളിലെ കുഴികൾ (Pot hole) അടക്കുവാനും ആഗസ്റ്റ് 15ന് മുമ്പ് മറ്റ് അടിയന്തിര അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുവാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ആദ്യഘട്ടത്തിൽ ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(ബി) 2010-11 ലെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ഇതര ചിലവുകൾക്കായി ഉൾക്കൊള്ളിച്ചിട്ടുള്ള 240.42 കോടി രൂപയിൽ നിന്നും നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 157 കോടി രൂപയുടെ ഫണ്ട് അടിയന്തിര അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് അനുവദിക്കുകയും 76 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഇതിനകം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ദേശീയ പാതാ വിഭാഗത്തിൽ 16.05 കോടി രൂപയുടെ അറ്റകുറ്റപ്പണികൾക്കുള്ള അനുമതി നൽകിയിട്ടുണ്ട്.

(സി) ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾക്കും ഈ തീരുമാനം ബാധകമാണോ ;

(സി) ആണ്

(ഡി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) നിരത്തുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള മുൻഗണന ക്രമം നിശ്ചയിക്കുന്നതിനായി നിരത്തുകളെ വളരെ നല്ലത്, നല്ലത്, തൃപ്തികരം, മോശമായവ, വളരെ മോശം എന്നിങ്ങനെ തരംതിരിച്ച് രേഖപ്പെടുത്തുന്നതിനും, അവയിൽ വളരെ മോശമായ നിരത്തുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി ഒരാഴ്ചക്കകം എസ്റ്റിമേറ്റ് തയ്യാറാക്കി ലഘുദർഘാസുകൾ ക്ഷണിക്കുന്നതിനും ആഗസ്റ്റ് 15 ന് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ടെണ്ടർ കൂടാതെ പണി നടത്തുന്നതിൽ അഴിമതി ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ എന്തെല്ലാമാണ് ?

(ഇ) ടെണ്ടർ കൂടാതെ പണി നടത്തുന്നതിൽ അഴിമതി ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി, റോഡിലെ കുഴികളുടെയെല്ലാം ഫോട്ടോ എടുത്ത് സബ്ഡിവിഷനുകളിൽ സൂക്ഷിക്കുന്നതിനും (കുഴി നികത്തുന്നതിന് മുമ്പും പിൻപും) ഓരോ ദിവസവും ചെയ്യുന്ന പ്രവൃത്തികൾ സംബന്ധിച്ച് റോഡിന്റെ പേര്, ചെയിനേജ്, സ്ഥലപ്പേര് എന്നിവ ചേർത്ത് അതാത് ദിവസം പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : **154*** 6.7.2010 ൽ മറുപടിക്ക്

**ഇ -ടെണ്ടർ സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യൂ തോമസ്:<br>ശ്രീ.എൻ.രാജൻ:<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ.വി.എസ്. ,സുനിൽകുമാർ: | ഡോ ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ മുതൽ ഇത് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ; | (എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. ഇത് നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |
| ബി) ഇ - ടെണ്ടർ സമ്പ്രദായം ഏർപ്പെടുത്തുന്നതുകൊണ്ട് എന്തെല്ലാം നേട്ടങ്ങളുണ്ടാകുമെന്ന് വെളിപ്പെടുത്തുമോ ? | (ബി) (i) ടെണ്ടറിൽ പങ്കെടുത്ത വ്യക്തികളുടെ വിവരങ്ങൾ ടെണ്ടർ തുറക്കുന്ന സമയംവരെ മറ്റുള്ളവർക്ക് അറിയുവാൻ സാധിക്കില്ല. അതിനാൽ ടെണ്ടർ നടപടികളിൽ മത്സരക്ഷമത ഉറപ്പുവരുത്താൻ കഴിയും<br>(ii) ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമായും വളരെ വേഗത്തിലും പൂർത്തിയാക്കുവാൻ കഴിയും. ഇതുവഴി പൊതുമരാമത്ത് പ്രവൃത്തികൾ ആരംഭി - ക്കുന്നതിനുള്ള കാലവിളംബം ഒഴിവാക്കുന്നതിനും സാധിക്കും. |

(iii) കരാറുകാർക്ക് പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെ തന്നെ പൊതുമരാമത്ത് വെബ് സൈറ്റിൽ നിന്നും ടെണ്ടർ ഡോക്കുമെന്റ്സ് വായിച്ച് ടെണ്ടറിൽ പങ്കെടുക്കുന്നതിന് കഴിയും

(iv) ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വെബ് സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുക വഴി ടെണ്ടറിംഗിലുള്ള സുതാര്യത വർദ്ധിക്കുകയും ചെയ്യും

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 155 — 06.07.2010-ൽ മറുപടിയ്ക്ക്

## വന്യമൃഗവേട്ടയും വന്യമൃഗ സെൻസസും

**ചോദ്യം**

ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. രാജു എബ്രഹാം
ശ്രീ. പി. കൃഷ്ണപ്രസാദ്
ശ്രീ. ബി.ഡി. ദേവസ്സി

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

എ. വന്യമൃഗങ്ങൾക്കു നേരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

എ. വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിനായി വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു.

1) തമിഴ് നാട്, കർണ്ണാടകം എന്നീ അയൽ സംസ്ഥാനങ്ങളിലെ വനം, പോലീസ് വകുപ്പുകളിൽനിന്നുള്ള ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി സമയബന്ധിതമായി യോഗം ചേർന്ന് വനം -വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നത് സംബന്ധിച്ചും കുറ്റവാളികളെ പിടികൂടുന്നത് സംബന്ധിച്ചും പരസ്പരം വിവരങ്ങൾ കൈമാറുകയും സഹകരണം ഉറപ്പാക്കുകയും ചെയ്യുന്നു.

2) ഓരോ ജില്ലയിലും അതാതു ജില്ലാ പോലീസ് സൂപ്രണ്ട്, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ അംഗങ്ങളായും ഡിവിഷണൽ ഫോറസ്റ്റാഫീസർ കൺവീനറുമായി വന്യജീവി സംബന്ധമായ കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യാനായി ഒരു ദൗത്യ സംഘത്തെ സർക്കാർ ഉത്തരവ് നം. (എം.എസ്.) 49/2009/വനം തീയതി 6.11.2009 പ്രകാരം നിയമിച്ചിട്ടുണ്ട്.

3) സംരക്ഷണ വിഭാഗം ജീവനക്കാർക്ക് വനം-വന്യജീവി കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രഹസ്യ വിവരം ശേഖരിക്കുന്നത് സംബന്ധിച്ചും കേസുകളിൽ അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുന്നത് സംബന്ധിച്ചും ഉള്ള ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനായി പോലീസ് വകുപ്പിന്റെ സഹായത്തോടെ പ്രത്യേക പരിശീലനം നല്കി വരുന്നു.

4) ജില്ലാ കളക്ടർ ചെയർമാനായി ഡിസ്ട്രിക്ട് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ അതാത് ജില്ലകളിലെ വനം-വന്യജീവി കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതും വിചാരണ ചെയ്യുന്നതും സംബന്ധിച്ച അവലോകനം നടത്തി വരുന്നു.

5) ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി വനം-വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

6) കർശനമായ പട്രോളിംഗ് നടത്തുകയും, ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

7) സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ആവശ്യമായ വാഹനം, വാർത്താ വിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കിയിട്ടുണ്ട്.

8) കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.

9) വനാശ്രിത സമൂഹങ്ങൾ, തദ്ദേശ വാസികൾ, വന സംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ്

കമ്മിറ്റികൾ എന്നിവരുടെ സഹായത്തോടെ വേട്ടക്കാരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും, അപ്രകാരം വിവരം നൽകുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനും കുറ്റകൃത്യം കണ്ടെത്തുന്ന ജീവനക്കാർക്ക് പ്രശംസാ പത്രവും ക്യാഷ് അവാർഡും നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

10) അന്യ സംസ്ഥാനങ്ങളോട് ചേർന്നുള്ള വനമേഖലകളിൽ സംയുക്ത പട്രോളിംഗ് നടത്തുകയും കുറ്റവാളികളെ സംബന്ധിച്ച വിവരങ്ങൾ പരസ്പരം കൈമാറുകയും ചെയ്യുന്നു.

11) അയൽ സംസ്ഥാനങ്ങളുമായുള്ള വാർത്താ വിനിമയ സംവിധാനം ശക്തിപ്പെടുത്തി വന്യമൃഗ വേട്ട യഥാസമയം തന്നെ തടയുന്നതിനും കുറ്റവാളികളെ പിടികൂടുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**ബി.** വന്യമൃഗവേട്ട തടയുന്നതിന് വനം വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുമോ ;

**ബി.** വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കീഴിൽ ഇന്റലിജൻസ് വിഭാഗം പ്രവർത്തനം 2001 ൽ ആരംഭിച്ചു. ഇപ്പോൾ ഇന്റലിജൻസ് വിഭാഗം വളരെ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. വന്യജീവി കുറ്റകൃത്യങ്ങൾ, ചന്ദനക്കടത്ത്, കഞ്ചാവ് കൃഷി, മരംവെട്ടൽ, വനം കയ്യേറ്റം മുതലായ പല സുപ്രധാന കേസ്സുകളും വനം ഇന്റലിജൻസിന്റെ സഹായത്തോടെ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമെ കുപ്രസിദ്ധരായ നിരവധി വനം കൊള്ളക്കാരെ പിടികൂടുന്നതിനും കടുവാത്തോൽ, ആനക്കൊമ്പ്, പുലിത്തോൽ, പാമ്പിൻ വിഷം മുതലായവ വിപണനം നടത്തുന്ന വ്യക്തികളെ കണ്ടെത്തുന്നതിനും അവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിനും ഇന്റലിജൻസ് വിഭാഗം സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ തലത്തിലുള്ള ജീവനക്കാർക്ക് പോലീസ് ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ രഹസ്യ വിവര ശേഖരണത്തിൽ പ്രത്യേകം പരിശീലനം നൽകി വരുന്നു.

| | | | |
|---|---|---|---|
| | മൃഗ വേട്ടയ്ക്ക് പിന്നിൽ അന്തർദേശീയ സംഘങ്ങൾ പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | സി. | മൃഗവേട്ടക്കു പിന്നിൽ അന്തർദ്ദേശീയ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിരവധി വന്യമൃഗവേട്ട കേസ്സുകളിൽ അന്തർ സംസ്ഥാന സംഘങ്ങൾ പ്രവർത്തിക്കുന്നതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യം ഇന്ത്യാ ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടേയും അയൽ സംസ്ഥാനങ്ങളുടെ വനം വകുപ്പുകളുടേയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. |
| ഡി. | ആനവേട്ടക്കാരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിനും ആനക്കൊമ്പുകൾ പിടിച്ചെടുക്കുന്നതിനും സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | ഡി. | 2007 മുതൽ ഈ കാലയളവു വരെ വനം വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ആനക്കൊമ്പ് സംബന്ധിച്ച് 8 കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിനു പുറമേ ആനക്കൊമ്പുകൾ കൊണ്ടുള്ള ശില്പങ്ങൾ നിർമ്മിക്കുന്ന വ്യക്തികളെയും ഇത് വിപണനം നടത്തുന്ന വ്യക്തികളെയും പിടികൂടി നിയമത്തിന് മുമ്പിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ആനവേട്ടയുൾപ്പെടെയുള്ള വന്യമൃഗകുറ്റ കൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി കള്ളത്തോക്കു കണ്ടെത്തുകയും ചെയ്തു വരുന്നു. |
| ഇ. | വന്യമൃഗ സെൻസസിൽ ഏതെല്ലാം വന്യ മൃഗങ്ങൾക്കാണ് നാശമുണ്ടായതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | ഇ. | വന്യമൃഗ സെൻസ്സസിൽ ഏതെങ്കിലും വന്യജീവിയ്ക്ക് നാശമുണ്ടായതായി കണ്ടെത്തിയിട്ടില്ല. |

(signature)

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :156.

6..7..2010-ൽ മറുപടിക്ക്

## "ഡയറി ഫാമുകൾ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് മേഴ്സിയർ.<br>ശ്രീ. എം.എ. വാഹീദ്.<br>ശ്രീ. സി.പി. മുഹമ്മദ്.<br>ശ്രീ. എ.എ. ഷുക്കൂർ. | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീര വികസനത്തിന്റെ ഭാഗമായി എവിടെയൊക്കെ ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കാനാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇത്തരം ഡയറി ഫാമുകളുടെ നിർമ്മാണ പ്രവർത്തനം ഏതെല്ലാം സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്; | (എ) & (ബി) സംസ്ഥാനത്ത് ക്ഷീരവികസനത്തിന്റെ ഭാഗമായി കുളത്തൂപ്പുഴ, കോലാഹലമേട്, മാട്ടുപ്പെട്ടി എന്നിവിടങ്ങളിൽ ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. |
| (സി) ഈ സ്ഥലങ്ങളിലെ ഡയറി ഫാമുകൾ എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ? | (സി) കുളത്തൂപ്പുഴയിൽ സിവിൽ വർക്കുകൾ 80% പൂർത്തിയാക്കി കഴിഞ്ഞു. ആധുനിക ഉപകരണങ്ങൾക്ക് വേണ്ട സപ്ലൈ ഓർഡറുകൾ നൽകിക്കഴിഞ്ഞു. ഇലക്ട്രിസിറ്റി കണക്ഷനു വേണ്ട നടപടികൾ സ്വീകരിച്ച് കഴിഞ്ഞു. വേണ്ട പശുക്കളെ വാങ്ങിക്കൊണ്ടിരിക്കുന്നു. കോലാഹലമേട് പദ്ധതിയുടെ ആദ്യ ഘട്ടമായ ഫെൻസിങ് നടപടികൾ പൂർത്തിയായിവരുന്നു. കോലാഹലമേട്, മാട്ടുപ്പെട്ടി സിവിൽ വർക്കുകൾ പോലീസ് ഹൗസിങ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെൻഡർ വിളിച്ച് കഴിഞ്ഞു. 7 മാസമാണ് പണിപൂർത്തിയാക്കാനായി ടെൻഡറിൽ കാണിച്ചിരിക്കുന്നത്. കുളത്തൂപ്പുഴ ഹൈടെക് ഡയറി ഫാം ഒക്ടോബർ 31-ന് മുമ്പ് കമ്മിഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |

(ഡി) ഈ ഡയറി ഫാമുകൾ പ്രവർത്തനക്ഷമമാകുന്നതോടെ ക്ഷീര മേഖലയ്ക്ക് ഗുണകരമായ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകും എന്ന് വിശദീകരിക്കുമോ?

(ഡി) കേന്ദ്രസർക്കാരിന്റെ **National Project for Cattle and Buffalo Breeding**-ന്റെ ഭാഗമായി **ONBS (Open Nuclear Breeding Programme)** ഈ ഫാമുകളിൽ നടപ്പാക്കുന്നതാണ്.

അത്യുല്പാദന ശേഷിയുള്ള പശുക്കളെ ഈ ഫാമുകളിൽ **(Bull Mother Farm)** നിലനിറുത്തി അവയിൽ ഇറക്കുമതി ചെയ്ത അത്യുല്പാദനശേഷിയുള്ള വിത്തുകാളകളുടെ ബീജം കുത്തിവയ്ച് അത്യുല്പാദനശേഷിയുള്ള കാളക്കുട്ടികളും പശുക്കുട്ടികളും ഭ്രൂണവും ഉല്പാദിപ്പിക്കപ്പെടും. ഈ വിത്തുകാളകളെ **Selection Process**-ന് വിധേയമാക്കി ഏറ്റവും മുന്തിയവയെ തെരഞ്ഞെടുത്ത് അവയുടെ ബീജം കർഷകർക്ക് സൗജന്യമായി നൽകും.

പശുക്കുട്ടികളെ ബുൾ മദർ ആയി നിലനിർത്തുകയും, കർഷകർക്ക് വിതരണം നൽകുകയും ചെയ്യും. **Satellite** ഫാം സ്കീമിലുള്ള ചുറ്റുമുള്ള കർഷകർക്ക് വിദഗ്ദ്ധ ഉപദേശവും സഹായവും, **Breeding Support**-ഉം നൽകുന്ന വിഭാഗം **(Help line)** ഇതോടൊപ്പം പ്രവർത്തനം ആരംഭിക്കും. ഈ ഹൈടെക് ഡയറി ഫാമുകളിൽ ക്ഷീര കർഷകർക്ക് പശുപരിപാലനത്തിനുള്ള പരിശീലനം നൽകുന്നു. കൂടാതെ ഈ മേഖലയിലേയ്ക്ക് കടന്നുവരാൻ ഉദ്ദേശിക്കുന്ന കർഷകർക്കായി സാങ്കേതിക സഹായം നൽകുന്നു. ഹൈടെക് ഡയറി ഫാമുകൾക്ക് ചുറ്റുമായി 2,5,10 പശുക്കൾ വീതമുള്ള സാറ്റലൈറ്റ് ഫാമുകൾ കർഷകർക്കായി തുടങ്ങുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ 157** | **06/07/2010 ന് മറുപടിക്ക്** |

## മലയാളം മിഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.വിശ്വൻ :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എം.എം.മോനായി<br>ശ്രീ.കെ.സി.രാജഗോപാലൻ | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഔദ്യോഗികഭാഷാ വകുപ്പിന്റെ കീഴിൽ ആരംഭിച്ച മലയാളം മിഷന്റെ പ്രവർത്തനം വിശദീകരിക്കുമോ; | (എ) മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാളഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനും അവസരം ഒരുക്കുന്നതിലേയ്ക്കായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള സ്വയംഭരണ സ്ഥാപനമാണ് മലയാളം മിഷൻ. മലയാളം മിഷന്റെ കീഴിലുള്ള മലയാള ഭാഷാ പഠനകേന്ദ്രങ്ങളിൽ സർട്ടിഫിക്കറ്റ് കോഴ്സ്, ഡിപ്ലോമ കോഴ്സ്, ഹയർ ഡിപ്ലോമ കോഴ്സ് എന്നിവയിൽ പ്രവാസി മലയാളികളുടെ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്. പ്രസ്തുത കോഴ്സുകൾക്ക് പരീക്ഷ നടത്തി ഫലം പ്രഖ്യാപിക്കുന്നുമുണ്ട്. കോഴ്സുകൾക്കാവശ്യമായ പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നതും കേരള സർക്കാർ തന്നെയാണ്. |
| (ബി) ഡൽഹിക്കു പുറമേ ഏതെല്ലാം കേന്ദ്രങ്ങളിൽ ഭാഷാ പഠനകേന്ദ്രങ്ങൾ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) ഡൽഹിക്കു പുറമെ ചെന്നൈയിൽ ഭാഷാ പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (സി) മലയാള ഭാഷാ പഠന കേന്ദ്രങ്ങളിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത്. | (സി) ഡൽഹിയിലെ മലയാള ഭാഷാ പഠന കേന്ദ്രങ്ങളിൽ ഒരു വർഷം വീതം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സ്, മലയാളം ഡിപ്ലോമ കോഴ്സ്, മലയാളം ഹയർ ഡിപ്ലോമ കോഴ്സ് എന്നിങ്ങനെ 3 തരം കോഴ്സുകളാണ് നടത്തുന്നത്. |

(ഡി) വിദേശ രാജ്യങ്ങളിലും മലയാള ഭാഷാ പഠനകേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സഹകരണത്തോടെ ഭാരതത്തിലെയും ഏകോപിപ്പിക്കുക [illegible] എന്നുള്ളതാണ് മലയാളം മിഷന്റെ ലക്ഷ്യം ; എങ്കിലും വിദേശ രാജ്യങ്ങളിൽ മലയാള ഭാഷാ പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച തീരുമാനങ്ങളൊന്നും തന്നെ മലയാളം മിഷന്റെ ഭരണസമിതി കൈക്കൊണ്ടിട്ടില്ല.

(ഇ) ഭാഷാ പഠനത്തോടൊപ്പം കേരളത്തിന്റെ സാംസ്ക്കാരിക മൂല്യങ്ങളും ചരിത്രവും പഠിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തുമോ?

(ഇ) ഭാഷാ പഠന കേന്ദ്രങ്ങളിൽ ഭാഷാ പഠനത്തോടൊപ്പം കേരളത്തെ സംബന്ധിക്കുന്ന ചരിത്രപരവും ഭൂമിശാസ്ത്രപരവും, രാഷ്ട്രീയവും, കലാപരവും, സാമൂഹികപരവുമായ എല്ലാ ഘടകങ്ങളെയും കുറിച്ചുള്ള പൊതുവിജ്ഞാനം കുട്ടികൾക്ക് പകർന്നു നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 158 — 6.7.2010 ൽ മറുപടിയ്ക്ക്

**മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി ;<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ ;<br>ശ്രീ. കെ.കെ.ഷാജു ; | ഉത്തരം<br>ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
|---|---|
| എ) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ) അനുബന്ധംഎ യായി ചേർക്കുന്നു. |
| ബി) അവശ്യസാധനങ്ങളുടെ ലഭ്യത എപ്പോഴും ഉറപ്പുവരുത്തുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; | ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പന ശാലകളിൽ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നത് ശാസ്ത്രീയമായ ഇൻവെന്ററി മാനേജ്മെന്റ് വഴിയാണ്. ഈ സംവിധാനം ഏർപ്പെടുത്തുക വഴി ഓരോ വിൽപ്പനശാലകളിലും എല്ലാ സമയത്തും ആവശ്യത്തിനുള്ള സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പാക്കാൻ കഴിയുന്നു. 3 മാസത്തെ ശരാശരി വിൽപ്പന, ആവശ്യകത, ഉപഭോഗം എന്നിവ അടിസ്ഥാനമാക്കി റീ ഓർഡർ ലെവൽ, ലീഡ് ടൈം, ഇക്കണോമിക് ഓഡർ ക്വാണ്ടിറ്റി എന്നിവ അനുസരിച്ച് വാങ്ങൽ ക്രമികരിച്ചിട്ടുള്ളതിനാൽ എല്ലായ്പ്പോഴും വിൽപ്പനശാലകളിൽ സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നു. |
| സി) സ്വകാര്യ സൂപ്പർ മാർക്കറ്റുകളിൽ കാണുന്നതുപോലെ എല്ലാവിധ ഉൽപ്പന്നങ്ങൾക്കും, എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾക്കുമായി പ്രത്യേക വിഭാഗങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | സി) തെരെഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും, പീപ്പിൾസ് ബസാറുകളിലും ഹൈപ്പർ മാർക്കറ്റുകളിലും കൺസ്യൂമർ ഉൽപ്പന്നങ്ങൾക്കും, എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾക്കും പ്രത്യേക വിഭാഗങ്ങൾ ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *159 | 06.07.2010 -ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവൽക്കരണ പദ്ധതി

**ചോദ്യം**

ശ്രീ. കെ. രാജു
ശ്രീ. രാജാജി മാത്യു തോമസ്
ശ്രീ. പി. തിലോത്തമൻ
ശ്രീ. എ.കെ.ചന്ദ്രൻ

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ഈ ഗവൺമെന്റ് ഇതുവരെ നടപ്പിലാക്കിയത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നട്ട തൈകളിൽ എത്ര മാത്രം തൈകൾ അതിജീവിക്കുന്നുണ്ട്; തുടർപരിപാലനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി 2007-08 മുതൽ എന്റെ മരം വഴിയോരതണൽ, ഹരിതതീരം എന്നീ പദ്ധതികളും 2008-09 മുതൽ നമ്മുടെ മരം പദ്ധതിയും, 2009-10 മുതൽ ഹരിതകേരളം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം നട്ട തൈകളിൽ ഇതുവരെയായി എന്റെ മരം പദ്ധതിയിൽ 80%വും, നമ്മുടെ മരം പദ്ധതിയിൽ 68%വും, വഴിയോരതണൽ പദ്ധതിയിൽ 36.56%വും, ഹരിതകേരളം പദ്ധതിയിൽ 50%വും, ഹരിതതീരം പദ്ധതിയിൽ 78%വും അതിജീവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

എന്റെ മരം പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത തൈകൾ അവരുടെ വീട്ടുവളപ്പിലോ സമീപത്ത് ലഭ്യമായ സ്വകാര്യഭൂമിയിലോ നട്ടുപിടിപ്പിച്ചിട്ടു ണ്ട്. അങ്ങനെ നട്ട തൈകൾ വിദ്യാർത്ഥികൾ അവരുടെ സ്വന്തം മരമായി കണക്കാക്കി പരിപാലനവും സംരക്ഷണവും അവർതന്നെ നടത്തിവരുന്നു.

നമ്മുടെ മരം പദ്ധതി പ്രകാരം വനം വകുപ്പ് വിതരണം ചെയ്ത തൈകൾ +2, കോളേജ്തല വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഭ്യമായ സ്ഥലത്തോ സമീപത്ത് ലഭ്യമായ സർക്കാർ ഭൂമിയിലോ ആണ് വച്ചുപിടിപ്പിച്ചിട്ടുള്ളത്. ഇവയുടെ പരിപാലനവും സംരക്ഷണവും അദ്ധ്യാപകരും വിദ്യാർത്ഥികളും കൂട്ടായി നടത്തിവരുന്നു.

വഴിയോരതണൽ പദ്ധതി ചുമട്ടുതൊഴിലാളികളുടെ പങ്കാളിത്തത്തോടെയും സഹകരണത്തോടെയും ആണ് 2007 ൽ ആരംഭിച്ചത്. ഈ ചുമട്ടു തൊഴിലാളികൾ വിവിധ ട്രേഡ് യൂണിയനുകളിൽപ്പെട്ടവരാണ്. പദ്ധതിയുടെ ആദ്യവർഷത്തിൽ (2007) ചുമട്ടുതൊഴിലാളി യൂണിയനുകൾ വാഗ്ദാനം ചെയ്ത സഹകരണം

ലഭിക്കാതിരുന്നതിനാൽ പദ്ധതിയുടെ പിന്നീടുള്ള പരിപാലനം വനം വകുപ്പു തന്നെ നേരിട്ട് നടത്തുക യാണുണ്ടായത്. ഈ സാഹചര്യത്തിൽ തൈകളുടെ അതിജീവന ശതമാനം ആദ്യവർഷം 20% ത്തിൽ താഴെയാണെന്നു കാണുന്നു. 2008 വർഷം മുതൽ തൈനടീലും പരിചരണവും വനം വകുപ്പ് നേരിട്ട് ചെയ്തുവരുന്നതിനാൽ അതിജീവനശതമാനം 2008-09 വർഷത്തിൽ 87%വും 2009-10 ൽ 90% വും ആണ്. മൂന്നു വർഷത്തെ ശരാശരി അതിജീവനം 36.56 ശതമാനമാണ്.

ഹരിതതീരം പദ്ധതി നടപ്പാക്കുന്നതിനായി തീര സംരക്ഷണസമിതി (TSVS) രൂപീകരിക്കുകയും ചാരിറ്റബിൾ സൊസൈറ്റി ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹരിതതീരം പദ്ധതി തീരസംരക്ഷണ സമിതിയുടെ സഹായത്തോ ടെയാണ് നടപ്പിലാക്കിയത്. ആയതിന്റെ പരിപാലനവും സംരക്ഷണവും അതാതു തീരസംരക്ഷണ സമിതികളുടെ സഹകരണത്തോടെ നടത്തിവരുന്നു. വച്ചുപിടിപ്പിച്ചിട്ടുള്ള തൈകളിൽ ഏകദേശം 78% അതിജീവിച്ചിട്ടുള്ളതായി കണക്കാക്കുന്നു.

ഹരിതകേരളം പദ്ധതിയുടെ ആദ്യവർഷത്തിൽ (2009-10) വനംവകുപ്പ് തൈകൾ ഉൽപ്പാദിപ്പിച്ച് പഞ്ചായത്തുകൾക്ക് ലഭ്യമായ സർക്കാർ/സർക്കാരേതര ഭൂമികളിൽ (പഞ്ചായത്തു അതിർത്തിയിൽ) നട്ടുപിടിപ്പിക്കുന്നതിലേക്കായ് വിതരണം ചെയ്യുകയാണുണ്ടായത്. തൈകളുടെ നടീലും പരിപാലനവും സംരക്ഷണവും അതാതു പഞ്ചായത്തുകൾതന്നെ നടത്തിവരുന്നു. 1-ാം ഘട്ടത്തിലെ തൈകളുടെ അതിജീവനം 50 ശതമാനമാണെന്നു കാണുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : ***160** | **06.07.2010** -ൽ മറുപടിയ്ക്ക്

## ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി

***ചോദ്യം***
ശ്രീ. ടി.പി. കുഞ്ഞുണ്ണി
ശ്രീ. പി. കൃഷ്ണപ്രസാദ്
ശ്രീ. കെ.സി. കുഞ്ഞിരാമൻ
ശ്രീ. എസ്. രാജേന്ദ്രൻ

***ഉത്തരം***
ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) ആദിവാസികളുടെ പരമ്പരാഗത ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്, വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) 25/11/2008 ൽ വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വനം വകുപ്പുദ്യോഗസ്ഥരുടെ യോഗത്തിൽവെച്ച് വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ കൃഷിഭൂമിയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ തീരുമാനമെടുത്തു. ഇതേ തുടർന്ന് അട്ടപ്പാടിയിലെ കുറുമ്പ മേഖല. ഇടമലക്കുടിയിലെ മുതുവ സെറ്റിൽമെന്റ്, തേക്കടിയിലെ വഞ്ചിവയൽ, മന്നാക്കുടി, പാലിയക്കുടി എന്നീ പ്രദേശങ്ങളിൽ ജൈവകൃഷിക്കായി വിശദമായ പദ്ധതി തയ്യാറാക്കി. തേക്കടിയിലെ ആദിവാസികൾക്ക് ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾവഴി കേരള കാർഷിക സർവ്വകലാശാലയുടെ കുമരകം കൃഷി വിജ്ഞാന കേന്ദ്രം, പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി. തിരുവല്ലയിലെ ലാക്കോൺ ക്വാളിറ്റി ഇൻഡ്യ എന്നീ സ്ഥാപനങ്ങൾ വഴി പരിശീലനം നൽകി. തേക്കടിയിലെ കൃഷിസ്ഥലങ്ങൾക്ക് ജൈവസർട്ടിഫിക്കറ്റ് ലാക്കോൺ ക്വാളിറ്റി ഇൻഡ്യ എന്ന സ്ഥാപനത്തിൽ നിന്നും 2008 ൽ ലഭിച്ചു. പെരിയാർ കടുവാസങ്കേതത്തിലെ പെരിയാർ ഫൗണ്ടേഷന് ജൈവകുരുമുളക് കയറ്റുമതി ചെയ്യാൻ സ്പൈസസ് ബോർഡിൽ നിന്നും ലൈസൻസ് ലഭ്യമാക്കി. 2008 ലും 2009 ലുമായി തേക്കടിയിലെ ആദിവാസികൾ ഉൽപാദിപ്പിച്ച 8275 കിലോ കുരുമുളക് ജർമനിയിലെ ഇക്കൊലാന്റ് ഹെർബ്സ് ആന്റ് സ്പൈസസ് എന്ന സ്ഥാപനത്തിലേക്ക് കയറ്റി അയച്ചു.

(ബി) ജൈവകൃഷിയിലൂടെ ഉല്പാദിപ്പിച്ച ഏതെല്ലാം ഉല്പന്നങ്ങൾ വിദേശത്തേക്ക് കയറ്റുമതി ചെയ്തിട്ടുണ്ട്;

(ബി) ജൈവകൃഷിയിലൂടെ ഉല്പാദിപ്പിച്ച കുരുമുളക് വിദേശത്തേക്ക് കയറ്റുമതി ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത ഉല്പന്നങ്ങൾക്ക് വിദേശത്തുനിന്നും പുതിയ ഓർഡറുകൾ നേടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ: | (സി) തേക്കടിയിലെ വഞ്ചിവയൽ, മന്നാക്കുടി, പാലിയക്കുടി എന്നീ ആദിവാസി സെറ്റിൽമെന്റുകളിൽ നിന്നും ശേഖരിക്കുന്ന ജൈവകുരുമുളക് വിദേശത്തേക്ക് കയറ്റുമതി ചെയ്യുവാൻ പെരിയാർ ഫൗണ്ടേഷൻവഴി ചർച്ചകൾ നടത്തുന്നുണ്ട്. |
| (ഡി) ജൈവകൃഷി കൂടുതൽ ആദിവാസി സെറ്റിൽമെന്റുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) അട്ടപ്പാടിയിലെ കുറുമ്പ മേഖല, ഇടമലക്കുടിയിലെ മുതുവാ സെറ്റിൽമെന്റ് എന്നിവിടങ്ങളിൽ ജൈവകൃഷിവ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 161      6-07-2010 ന് മറുപടിക്ക്

## വനാവകാശ നിയമം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽകുമാർ:<br>" കെ.സി. ജോസഫ്:<br>" ടി. എൻ. പ്രതാപൻ:<br>" എ.പി. അബ്ദുള്ളക്കുട്ടി: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ വനാവകാശ നിയമം സംസ്ഥാനത്തു നടപ്പാക്കുന്നത് പട്ടിക വർഗ്ഗ വികസന വകുപ്പും വനം വകുപ്പും റവന്യൂ വകുപ്പും കൂടിച്ചേർന്നാണ്. പട്ടിക വർഗ്ഗ വികസന വകുപ്പാണ് നോഡൽ ഏജൻസി. വനാവകാശ നിയമത്തിലും ബന്ധപ്പെട്ട ചട്ടത്തിലും പ്രതിപാദിക്കുന്ന ഗ്രാമസഭകൾ, വനാവകാശ കമ്മിറ്റികൾ, സബ്ഡിവിഷണൽ ലെവൽ കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ, സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി എന്നിവകൾ സമയബന്ധിതമായി രൂപീകരിച്ചു. വന സംരക്ഷണസമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി ആദിവാസികൾക്കിടയിൽ വനാവകാശ നിയമത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയുണ്ടായി. പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ആകെ കിട്ടിയ 36017 |

-----------2

അപേക്ഷകളിൽ 34460 അപേക്ഷകൾ ഇതിനോടകം ഗ്രാമസഭകൾ പാസ്സാക്കിയിട്ടുണ്ട്. 19254 അപേക്ഷകളിൽ സർവ്വേ പൂർത്തിയായി ക്കഴിഞ്ഞു, ഇതിൽ 13506 അപേക്ഷകൾ സബ് ഡിവിഷണൽ ലെവൽകമ്മിറ്റിയും, 11992 അപേക്ഷകൾ ജില്ലാതല കമ്മിറ്റിയും പാസ്സാക്കി. 7880 അപേക്ഷകൾക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. ആകെ 8392.24 ഏക്കർ വനഭൂമി ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകൾ സംസ്ഥാന സർക്കാർ നേരിടുന്നുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഈ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതു സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിരുന്നുവോ; | (സി) | ഉണ്ട്. വനാവകാശ നിയമം നടപ്പാക്കുന്നതും, ക്രിട്ടിക്കൽ വൈൽഡ്ലൈഫ് ഹാബിറ്റാറ്റ് കണ്ടെത്തി വിജ്ഞാപനം ചെയ്യുന്നതും സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം വിളിച്ചു ചേർത്ത സംസ്ഥാന വനം വന്യജീവി വകുപ്പു സെക്രട്ടറിമാർ, പി.സി.സി.എഫുമാർ ചീഫ് വൈൽഡ്ലൈഫ് വാർഡൻ എന്നിവരുടെ യോഗങ്ങൾ ചർച്ച ചെയ്തിരുന്നു. |
| (ഡി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | വനാവകാശ നിയമം നടപ്പാക്കുന്നതു സംബന്ധിച്ച് കേന്ദ്രസർക്കാർ നൽകിയിട്ടുള്ള പ്രധാന മാർഗ്ഗ നിർദ്ദേശങ്ങൾ താഴെപറയുന്ന വയാണ്. |

--------3

1. വനത്തിനു പുറത്തു താമസിക്കുന്ന പട്ടിക ഗോത്രവർഗ്ഗക്കാരും, മറ്റു പരമ്പരാഗത വനവാസികളും കൃഷിചെയ്യുന്നതും, താൽക്കാലിക ഷെഡുകളിലും മറ്റുമായി കൂടുതൽ സമയം ചെലവഴിക്കുന്നതുമായ വനഭൂമി വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതു സംബന്ധിച്ച സ്പഷ്ടീകരണം.
2. ക്രിട്ടിക്കൽ വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് രൂപീകരണത്തിനുള്ള വിദഗ്ദ്ധ സമിതി രൂപീകരണം, ശാസ്ത്രീയ വിവരശേഖരണം, ആദിവാസികളെ മാറ്റി പാർപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ.
3. വനാവകാശ നിയമം ബാധകമാകുന്ന സെറ്റിൽമെന്റുകളിലെ വികസന പ്രവർത്തനങ്ങൾക്കായി വനഭൂമി വിട്ടു കൊടുക്കുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : T162* 6.7.2010 ൽ മറുപടിക്ക്

**തലസ്ഥാന നഗരറോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ. അരുന്ധതി:<br>ശ്രീ. വി.ശിവൻകുട്ടി:<br>ശ്രീ. വി.ജെ. തങ്കപ്പൻ:<br>ശ്രീ. ആർ. സെൽവരാജ്: | ഡോ റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) തലസ്ഥാന നഗരറോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) തിരുവനന്തപുരം നഗരത്തിലെ തിരക്കേറിയ 42 കി.മീ. റോഡുകൾ ആധുനിക സൗകര്യങ്ങളോടുകൂടി 2 വരി, 4 വരി, 6 വരി പാതയായി വികസിപ്പിക്കൽ, ഇരുവശങ്ങളിലും ഓട, നടപ്പാത എന്നിവ നിർമ്മിക്കൽ, ബേക്കറി ജംഗ്ഷൻ, തകരപ്പറമ്പ് റോഡ് എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കൽ പാളയത്ത് ഒരു അടിപ്പാത നിർമ്മിക്കൽ ഇവയുടെയെല്ലാം 15 വർഷത്തെ സംരക്ഷണം എന്നിവയാണ് തിരുവനന്തപുരം നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പ്രവൃത്തികൾ. |
| ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; | (ബി) തകരപ്പറമ്പ് മേൽപ്പാലം ഒഴികെയുള്ള പ്രവൃത്തികൾ 2010 ഒക്ടോബർ അവസാനത്തോട്കൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പദ്ധതി പ്രവർത്തനത്തിന്റെ സ്ഥിതി എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) പദ്ധതിയിൽ ഉൾപ്പെട്ട 14 കി. മീ. റോഡുകൾപാളയത്തെ അടിപ്പാത, ബേക്കറി ജംഗ്ഷനിലെ മേൽപ്പാലത്തിന്റെ കുറച്ച് ഭാഗം എന്നിവ ഉൾപ്പടെ ഏകദേശം 33% പ്രവൃത്തിയാണ് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൂർത്തിയായിരുന്നത്. |

(ഡി) നിർമ്മാണ ചുമതലയുള്ള കമ്പനിക്ക് നഷ്ടപരിഹാരം നൽകേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ നഷ്ടപരിഹാരം നൽകാൻ ഇടയായ സാഹചര്യം വിശദമാക്കുമോ;

(ഡി) ഉണ്ട്. ആർബിട്രേഷൻ ട്രിബ്യൂണലിന്റെ വിധിപ്രകാരം 124.947 കോടി രൂപ തിരുവനന്തപുരം റോഡ് ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡ് എന്ന കൺസഷണർ കമ്പനിക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. കമ്പനിയുമായി ഒപ്പുവച്ച 16.3.2004 ലെ കരാർ പ്രകാരം 2004 ഡിസംബർ മാസത്തോടുകൂടി റോഡ് വികസനത്തിനാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്ത് നൽകേണ്ടതായിരുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിലോ അതിനു ശേഷമോ ഭൂമി ഏറ്റെടുത്തു നൽകുന്നതിനും ഏറ്റെടുത്ത ഭൂമിയിലെ വൈദ്യുത ലൈനുകൾ, ട്രാൻസ്ഫോർമറുകൾ, കേബിളുകൾ ജലവിതരണക്കുഴലുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനും സർക്കാരിന് കഴിഞ്ഞില്ല. 2008 ജനുവരിയിൽ കമ്പനിയുമായി ഒപ്പിട്ട കരാർ അനുസരിച്ച് മേൽപ്പറഞ്ഞ കാലതാമസത്തിന് കമ്പനിക്കുണ്ടായ നഷ്ടവും അധിക ചെലവും ആർബിട്രേഷൻ ട്രിബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഈ സാഹചര്യത്തിലാണ് കമ്പനിക്ക് നഷ്ടപരിഹാരം നൽകേണ്ടി വന്നത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുഖ്യമന്ത്രി, പൊതുമരാമത്ത് വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവരുടെ ആഭിമുഖ്യത്തിൽ തുടരെത്തുടരെ അവലോകന യോഗങ്ങൾ നടത്തി സ്ഥലം ഏറ്റെടുക്കലും ഏറ്റെടുത്ത സ്ഥലത്തെ യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കലും ത്വരിതപ്പെടുത്തി. ഇപ്പോൾ പദ്ധതിക്കാവശ്യ

മായ 96% ഭൂമിയും ഏറ്റെടുത്തു കഴിഞ്ഞു. ബേക്കറി ജംഗ്ഷനിലെ മേൽപ്പാലം പൂർത്തിയാക്കി. മരപ്പാലം, ചാക്ക, പാലം എന്നിവയുടെ അപ്രോച്ച് റോഡുകൾ ഒഴികെയുള്ള നിർമ്മാണം പൂർത്തിയായി. വെള്ളയമ്പലം - ശാസ്തമംഗലം റോഡ്, കവടിയാർ - പേരൂർക്കട - വഴയില റോഡ്, പട്ടം- കവടിയാർ റോഡ്, എം.ജി റോഡ് എന്നിവിടങ്ങളിൽ നിർമ്മാണജോലികൾ പുരോഗമിക്കുന്നു.

(എഫ്) പദ്ധതിക്കുള്ള മൊത്തം ചെലവ് എത്രയാണ് എന്നും പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ ?

(എഫ്) പദ്ധതിയുടെ മൊത്തം ചെലവ് 532.47 കോടി രൂപയാണ്. തകരപ്പറമ്പ് മേൽപ്പാലം ഒഴികെയുള്ള പ്രവൃത്തികൾ 2010 ഒക്ടോബർ അവസാനത്തോടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 163

06.07.2010 - ൽ മറുപടിയ്ക്ക്

## എം.എൻ.ലക്ഷം വീട് നവീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.കെ.പുരുഷോത്തമൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. വി.ശശികുമാർ | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ) എം.എൻ.ലക്ഷം വീട് നവീകരണ പദ്ധതി നടപ്പാക്കുന്നതിലെ പുരോഗതി വ്യക്തമാക്കുമോ; | എ) എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി പ്രകാരം 30.06.2010 വരെ 377 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 8761 വീടുകൾ (ജനറൽ 6748, SC /ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള കുടുംബം - 2003, പട്ടിക വർഗ്ഗം-5/ ആശ്രയ കുടുംബം -5) പുനർ നിർമ്മിക്കുന്നതിന് 28,51,30,500 രൂപ സർക്കാർ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ 30.06.2010 വരെയുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം, എത്ര വീടുകൾ പുനർ നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതികം എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; | ബി) സംസ്ഥാനത്തെ ശോച്യാവസ്ഥയിലായ മുഴുവൻ ലക്ഷം വീടുകളും പുനർ നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. 30.06.2010 വരെ 2501 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| സി) പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | സി) പദ്ധതി നടപ്പാക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | | അനുവദിച്ച തുക |
|---|---|---|
| 2007-08 | - | 17 കോടി രൂപ |
| 2008-09 | - | 5 കോടി രൂപ |
| 2009-10 | - | 15 കോടി രൂപ |
| 2010-11 | - | 15 കോടി രൂപ |
| ആകെ. | - | 52 കോടി രൂപ |

| | | | |
|---|---|---|---|
| ഡി) | പദ്ധതി നടപ്പാക്കുന്നതിനായി ലോട്ടറി നടത്തിപ്പിലൂടെയും ഇതര മാർഗ്ഗങ്ങളിലൂടെയും എത്ര കോടി രൂപ ലഭിച്ചു എന്നു വ്യക്തമാക്കു മോ; | ഡി) | എം.എൻ ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിയുടെ ഫണ്ട് ശേഖരണാർത്ഥം 2008 ൽ നടത്തിയ വിഷു ബംബർ ലോട്ടറിയിലൂടെ 6.16 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധ തിക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി ''എം.എൻ.ലക്ഷം വീട് നവീകരണ ഫണ്ട്'' എന്ന പേരിൽ ഒരു പ്രത്യേക ട്രഷറി അക്കൗണ്ട് (നം.15053, തിരുവനന്തപുരം ജില്ലാ ട്രഷറി) അനുവദിച്ചിട്ടുണ്ട്. ഈ ഫണ്ടിൽ ഇതു വരെ 1,14,45,428/- രൂപ ലഭി ച്ചിട്ടുണ്ട്. |
| ഇ) | ഈ വർഷം എത്ര വീടുകളുടെ നവീകരണം നടത്താനാണ് ലക്ഷ്യ മിട്ടിട്ടുള്ളത്; | ഇ) | ഈ വർഷം 13550 വീടുകളുടെ നവീകരണം നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് |
| എഫ്) | പദ്ധതി എന്നത്തേയ്ക്ക് പൂർത്തി യാകും എന്ന് വെളിപ്പെടുത്തു മോ? | എഫ്) | പദ്ധതി 2011-2012 ൽ പൂർത്തിയാ ക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

സാമ്പത്തികം ലൈബ്രറിയിൽ ലഭ്യമാണ്

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : T 164* 6.7.2010 ൽ മറുപടിക്ക്

**റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. പി.കൃഷ്ണപ്രസാദ്:<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. മുരളി പെരുനെല്ലി: | ഡോ ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 28.11.2009 ലെ സർക്കാർ ഉത്തരവ് (സാധാ)നം.1715/2009/പൊമവ പ്രകാരം 234 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം കോർപ്പറേഷൻ പൂർത്തിയാക്കി യിട്ടുണ്ട്. ഇപ്പോൾ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണമാണ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ളത് ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെങ്കോട്ടുകാവ്, വിക്ടോറിയ കോളേജ്, മുഴുപ്പിലങ്ങാട്, നന്തി, കടുക്കാംകുന്ന്, പുല്ലേപ്പടി എന്നീ 6 മേൽപ്പാലങ്ങളുടെ പണികൾ കോർപ്പ റേഷൻ പൂർത്തിയാക്കി. ഇപ്പോൾ കൊരട്ടി, ബേക്കൽ, അത്താണി എന്നീ മേൽപ്പാലങ്ങളുടെ പണി നടന്നു കൊണ്ടിരിക്കുന്നു. കൂടാതെ പയ്യന്നൂർ, കുഞ്ഞിപ്പിള്ളി, പരപ്പനങ്ങാടി, മുളങ്കുന്ന-ത്തുകാവ്, സുൽത്താൻപേട്ട് എന്നീ മേൽപ്പാലങ്ങൾ പണിയുന്നതിനുള്ള കരാർ നൽകിക്കഴിഞ്ഞു. |
| (സി) റെയിൽവേ മേൽപ്പാലങ്ങളുടെ പണി സമയബന്ധിമായി പൂർത്തിയാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; | (സി) റെയിൽവേയുമായി സഹകരിച്ച് സമയബന്ധിതമായി പണി പൂർത്തിയാ ക്കുന്നതിന് നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. |

(ഡി) കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള മറ്റ് പദ്ധതികൾ ഏതെല്ലാമാണ്; ഇവ പൂർത്തിയാക്കുന്നതിനായി നിലവിലുള്ള സംവിധാനം പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി സ്റ്റേഷൻകടവ് - എറണാകുളം, അഴിമാവുകടവ്- തൃശൂർ, തിരുനാവായ - മലപ്പുറം എന്നീപാലങ്ങളുടേയും കുമാരനെല്ലൂർ - കോട്ടയം റെയിൽവേ മേൽപ്പാലത്തിന്റെയും പണികൾ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്. ഇവ പൂർത്തിയാക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമല്ല.

(ഇ) കോർപ്പറേഷന്റെ പണം മ്യൂച്ചൽ ഫണ്ടിൽ നിക്ഷേപിച്ചതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

(ഇ) പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 165* | 6.7.2010 ൽ മറുപടിക്ക്

# സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാർക്ക് നടപ്പാത

**ചോദ്യം**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീമതി കെ. കെ. ലതിക :

**ഉത്തരം**

ഡോ. റ്റി.എം. തോമസ് ഐസക്
(ധനകാര്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ റോഡുകളിൽ കാൽനട യാത്രക്കാർക്ക് നടപ്പാതയ്ക്ക് അവശ്യമായ സ്ഥലം നീക്കിവയ്ക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടില്ലെന്ന് കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ഉണ്ട്.

(ബി) റോഡുകളിൽ നടപ്പാതയ്ക്ക് സ്ഥലം നീക്കിവയ്ക്കുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഏറ്റവും കുറഞ്ഞത് 1.50 മീറ്റർ വീതിയിൽ കാൽനടക്കാർക്കായി നടപ്പാത വേണമെന്ന് ഐ.ആർ.സി. 86-1983. അനുശാസിക്കുന്നുണ്ട്. ദേശീയപാത വികസന പദ്ധതി (NHDP) യിൽ നടപ്പാതകളോടു കൂടിയ ദേശീയ പാതകളുടെ വികസനമാണ് ഉദ്ദേശിച്ചിട്ടുള്ളത്. . കെ.എസ്.റ്റി.പി. പദ്ധതിയിൻകീഴിൽ പണി നടത്തുന്ന റോഡുകളുടെ ഇരുവശങ്ങളിലും സ്ഥലലഭ്യത അനുസരിച്ച് പ്രത്യേകഭാഗം വേർതിരിച്ച് മാർക്ക്ചെയ്യുന്നുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് തിരുവനന്തപുരം നഗരറോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡിന്റെ ഇരുവശത്തും 1.5 - 2 മീറ്റർ വീതിയിൽ നടപ്പാത നിർമ്മിച്ചിട്ടുണ്ട്. കാൽനടയാത്ര സുഗമമാക്കുന്നതിനായി ഈ ഫുട്ട്പാത്തുകളിൽ ഇന്റർലോക്കിംഗ് ടൈലുകൾ പാകിയിട്ടുണ്ട്

| | |
|---|---|
| റോഡിന് വീതി കൂട്ടുന്നതിന്റെ ഭാഗമായി കാൽനടയാത്രക്കാർ ഉപയോഗിച്ചിരുന്ന സ്ഥലം കൂടി വാഹനയാത്രയ്ക്കായി സജ്ജീകരിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ഡി) എങ്കിൽ ഇതു തടയുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിച്ച് വരുന്ന വാഹനങ്ങളുടെ എണ്ണവും വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് നടപ്പാതയുൾപ്പെടെ റോഡുകൾ വിപുലീകരിക്കുന്നതിനാവശ്യമായ സ്ഥലം ലഭിക്കാത്ത സാഹചര്യത്തിലുമാണ് ഇപ്രകാരം സംഭവിക്കുന്നത്. കഴിയുന്നതും നടപ്പാത നിലനിർത്തി മാത്രമേ റോഡ് വിപുലീകരണം നടത്താവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) കാൽനടയാത്രയ്ക്ക് ഉപയോഗിക്കുന്ന പാതയിലെ പൊട്ടിപ്പൊളിഞ്ഞ സ്ലാബുകളും മറ്റും മാറ്റി കാൽനടയാത്ര സുരക്ഷിതമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 166 — 6.7.2010-ൽ മറുപടിയ്ക്ക്

<u>വെറ്ററിനറി സർവ്വകലാശാല</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.എ.കെ.ചന്ദ്രൻ | | ശ്രീ.സി.ദിവാകരൻ(ബഹു:ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏതുവരെ ആയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | എ) | ഉണ്ട്. 5/6/2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 144/10/എ.ഡി. പ്രകാരം സംസ്ഥാനത്ത് ഒരു വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 14/6/2010 ലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 10711/ലെജി I 2 /2010/ലാ പ്രകാരം കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി സ്ഥാപിച്ചു കൊണ്ടുള്ള ഓർഡിനൻസ് (നമ്പർ 29/2010 )പുറപ്പെടുവിച്ചിട്ടുണ്ട്. 30/6/2010 ലെ ഉത്തരവനുസരിച്ച് ശ്രീ.സുബ്ബയ്യ ഐ.എ.എസ് ,എക്സൈസ് കമ്മീഷണർക്ക് സ്പെഷ്യൽ ഓഫീസറുടെ അഡീഷണൽ ചാർജ് നൽകിയിട്ടുണ്ട്. |
| ബി) ഈ സർവ്വകലാശാലയുടെ ആസ്ഥാനം എവിടെയാണ്;എന്തെല്ലാം പശ്ചാത്തല സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | ബി) | വയനാട് ജില്ലയിൽ പൂക്കോട് വെറ്ററിനറി കോളേജിനോട് ചേർന്നാണ് പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. പശ്ചാത്തല സംവിധാനങ്ങൾ ഒരുക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) എത്രകാലം കൊണ്ട് ഈ സർവ്വകലാശാല പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കുമോ ? | സി) | സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനസജ്ജമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 167** **06.07.2010-ൽ മറുപടിക്ക്**

## ദേശീയപാത വികസനത്തിനും കെ.എസ്.ടി.പി. പദ്ധതിക്കുമുള്ള പുനരധിവാസ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ :<br>ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. കെ.ടി. ജലീൽ : | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പു മന്ത്രി) |
| (എ) ദേശീയപാത വികസനത്തിനാവശ്യ-മായ സ്ഥലമെടുപ്പ് സുഗമമാക്കുന്ന-തിനായി പൊതുമരാമത്തുവകുപ്പ് കേന്ദ്രത്തിനു സമർപ്പിച്ച പുനരധിവാസ പാക്കേജ് നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;<br><br>(ബി) കമ്പോളവിലയ്ക്കു പുറമെ എന്തെല്ലാം ആനുകൂല്യങ്ങളാണ് ശുപാർശ ചെയ്തിട്ടുള്ളത് ; | **(എ)യും (ബി) യും**<br><br>• വസ്തു നഷ്ടപ്പെടുന്നവർക്കും കെട്ടിടങ്ങൾ പൊളിച്ചു മാറ്റപ്പെടേണ്ടവർക്കും കമ്പോള വിലയും പുനരധിവാസത്തിനു വേണ്ടി 10% അധികമായും നൽകുക.<br>• വാണിജ്യ സ്ഥാപനങ്ങൾ വാടക കെട്ടിടങ്ങളിൽ നടത്തുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെയും കെട്ടിടത്തിന്റെയും നഷ്ടപരിഹാര തുകയുടെ 10% അധികമായി നൽകുക.<br>• തൊഴിൽ നഷ്ടപ്പെടുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവന്റെയും കെട്ടിടത്തിന്റെയും നഷ്ടപരിഹാരതുകയുടെ 5% അധികമായി നൽകുക.<br>• വാടകകെട്ടിടത്തിലെ താമസക്കാർക്ക് 10,000/- രൂപ ഷിഫ്റ്റിംഗ് അലവൻസായി നൽകുക.<br>• കിടപ്പാടം നഷ്ടപ്പെടുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവന്റെയും കെട്ടിടത്തിന്റെയും കമ്പോളവിലയും, സ്ഥലം മാറി പോകുന്നതു കാരണം ഉപജീവനം നഷ്ടപ്പെടുന്നതിനാൽ ടി തുകയുടെ 15% അധികമായും നൽകുക<br>• പുറമ്പോക്കിൽ താമസിക്കുന്നവർക്ക് 50,000 - രൂപവസ്തു വാങ്ങുന്നതിനായി നൽകുക<br><br>ഇത്തരത്തിൽ ഒരു പുനരധിവാസ പാക്കേജാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ പരിഗണനക്ക് സമർപ്പിച്ചിരിക്കുന്നത്. |
| (സി) പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് ദേശീയപാത അതോറിറ്റിയുടെ തീരുമാനം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (സി) ഇല്ല. |

(ഡി) കെ.എസ്.ടി.പി. പദ്ധതിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് അംഗീകരിച്ചിട്ടുള്ള പുനരധിവാസ പാക്കേജ് വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ടി.പി. പദ്ധതിയ്ക്കു വേണ്ടി സ്ഥലവും കെട്ടിടവും ഏറ്റെടുക്കുന്നത് 2000-മാണ്ട് ആഗസ്റ്റ് മാസം സർക്കാർ അംഗീകരിച്ച പുനർവാസ - പുനരധിവാസ നയത്തിന് വിധേയമായിട്ടാണ്. ഇത് പ്രകാരം സ്ഥലം നഷ്ടപ്പെടുന്ന ഭൂ ഉടമകൾക്ക് അതാത് ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു ജില്ലാതല ഭൂമി ഏറ്റെടുക്കൽ കമ്മിറ്റി ഭൂ ഉടമകളുമായി വിശദമായി ചർച്ച ചെയ്ത് ഭൂമിയുടെ വില നിശ്ചയിക്കുകയും ഇത് കെ.എസ്.ടി.പി. യുടെ എംപവർ കമ്മിറ്റിയിൽ വെച്ച് ഉത്തരവായി ഭൂ ഉടമകൾക്ക് ന്യായമായ വില നൽകിയാണ് ഏറ്റെടുക്കുന്നത്. ഇതു കൂടാതെ കെട്ടിടത്തിന്റെ വില, വീട് നഷ്ടപ്പെടുന്നവർക്ക് ആറുമാസത്തെ വാടക, കടകൾ മാറുന്നതിന്റെ തുക. ജോലി നഷ്ടപ്പെടുന്നവർക്ക് ആറുമാസംവരെയുള്ള അലവൻസ് എന്നീ ആനുകൂല്യങ്ങളും നൽകുന്നുണ്ട്.

(ഇ) സ്ഥലം ഏറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഏതെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ?

(ഇ) ദേശീയപാത വികസനത്തിന് സ്ഥലമെടുപ്പ് ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : **168** **6.07.2010** - ൽ മറുപടിക്ക്

**'കലവറ' വഴിയുള്ള മണൽ വിൽപ്പന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിൻെറ കീഴിൽ ഏതൊക്കെ ജില്ലകളിൽ, എവിടങ്ങളിലൊക്കെ 'കലവറ' വഴി മണൽ വിൽപ്പന നടപ്പിലാക്കി; | (എ) ഭവനനിർമ്മാണ വകുപ്പിൻെറ നിയന്ത്രണത്തിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൻെറ കീഴിലാണ് 'കലവറ' പ്രവർത്തിക്കുന്നത്. കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിലും പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് പഞ്ചായത്തിലും (സംസ്ഥാന നിർമ്മിതി കേന്ദ്രവും വനം വകുപ്പുമായി സഹകരിച്ച്) കലവറ വഴി മണൽ വിൽപ്പന നടത്തിവരുന്നു. കൂടാതെ കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ കലവറ വഴി മണൽ വിൽപ്പന നടത്തുന്നുണ്ട്. |
| (ബി) എവിടെ നിന്നുള്ള മണലാണ് ഓരോ കലവറ വഴിയും വിതരണം ചെയ്യുന്നത്; | (ബി) മിൽപാലം, ചോഴിയക്കോട് എന്നീ കടവുകളിൽ നിന്നുള്ള മണൽ കുളത്തുപ്പുഴ കലവറ യൂണിറ്റിൽ നിന്നും മുണ്ടോൻമൂഴി, തിരുക്കയം കടവുകളിലെ മണൽ തണ്ണിത്തോടിലെ കലവറയിൽ നിന്നുമാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്തു വരുന്നത്. |
| (സി) 2009-2010 സാമ്പത്തിക വർഷത്തിൽ കലവറ വഴി എത്ര ഘനമീറ്റർ മണൽ വിൽക്കുവാൻ | (സി) 2009-2010 സാമ്പത്തിക വർഷം ആലപ്പുഴ ഒഴികെയുള്ള വിവിധ കലവറ യൂണിറ്റുകൾ വഴി 11854.32 ഘനമീറ്റർ മണലും ആലപ്പുഴ |

കഴിഞ്ഞു; എത്ര തുക വീതം ലഭ്യമായി;

കലവറ യൂണിറ്റിൽ നിന്നും 1159.2 ടൺ മണലും വിപണനം നടത്തിയ വകയിൽ ആകെ **12870397.24** രൂപയുടെ വിറ്റുവരവാണ് ലഭിച്ചത്.

| | | |
|---|---|---|
| കോട്ടയം | - | 1027.65 ഘന മീറ്റർ |
| തുക | - | 1302806.48 രൂപ |
| ആലപ്പുഴ | - | 1159.2 ടൺ |
| തുക | - | 817537 രൂപ |
| കൊല്ലം | - | 238.47 ഘന മീറ്റർ |
| തുക | - | 335829.76 രൂപ |
| എറണാകുളം | - | 3772 ഘന മീറ്റർ |
| തുക | - | 2676239 രൂപ |
| തൃശ്ശൂർ | - | 991.22 ഘന മീറ്റർ |
| തുക | - | 1562398 രൂപ |
| പാലക്കാട് | - | 498 ഘന മീറ്റർ |
| തുക | - | 533115 രൂപ |
| മലപ്പുറം | - | 160.05 ഘന മീറ്റർ |
| തുക | - | 164664 രൂപ |
| കുളത്തുപ്പുഴ | - | 5166.93 ഘന മീറ്റർ |
| തുക | - | 5477808 രൂപ |

(ഡി) സർക്കാർ സ്കീം പ്രകാരം വീട് വയ്ക്കുന്നവർക്കും അല്ലാത്ത വർക്കും മണൽ നൽകുന്നതിൽ വില വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ എത്ര യാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഉണ്ട്.
സർക്കാരിന്റെ പദ്ധതിയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു ക്യൂബിക് മീറ്ററിന് 925 രൂപ നിരക്കിലും 2000 ചതുരശ്ര അടിയിൽ താഴെ മാത്രം വിസ്തൃതിയുള്ള വീട് നിർമ്മിക്കുന്ന മറ്റുള്ളവർക്ക് ഒരു ക്യൂബിക് മീറ്ററിന് 1190 രൂപ നിരക്കിലുമാണ് മണൽ നൽകിവരുന്നത്.

അരുവിക്കര ഡാമിൽ നിന്നും ഖനനം ചെയ്ത് ലഭിച്ച മണൽ സർക്കാർ പദ്ധതിയിൽ ഉൾപ്പെട്ട് വീട് നിർമ്മിക്കുന്നവർക്ക് ഘനമീറ്ററിന് 1061.20 രൂപ നിരക്കിലുമാണ് നൽകിവരുന്നത്.

(ഇ) സർക്കാർ സ്കീമുകൾ പ്രകാരം വീട് വയ്ക്കുന്നവർക്ക് ആവശ്യാനു

(ഇ) കലവറ വഴി മണൽ വിതരണം ചെയ്യുന്നതിന് നൽകിയിട്ടുള്ള മാർഗ്ഗ

സരണം മണൽ കലവറ വഴി ലഭ്യമാകുന്നില്ലെന്ന പരാതി പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

രേഖകളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും വിവിധ സർക്കാർ പദ്ധതികളിൽ വീടു നിർമ്മിക്കുന്നതിനും മുൻഗണന നൽകുന്നതിന് ആവശ്യമായ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. അരുവിക്കര റിസർവോയറിൽ നിന്നും വിതരണം ചെയ്യുന്ന മണൽ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപെട്ടവർക്ക് മാത്രമാണ് നിലവിൽ നൽകിവരുന്നത്.

മണലിനുള്ള അപേക്ഷകരുടെ എണ്ണം മണൽ ലഭ്യതയേക്കാൾ അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വനം വകുപ്പുമായി സഹകരിച്ച് കൂടുതൽ കടവുകളിൽനിന്നുള്ള മണൽ ശേഖരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) എല്ലാ ജില്ലകളിലും 'കലവറ' പ്രവർത്തനമുണ്ടോ; ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും പ്രസ്തുത പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എഫ്) ഇല്ല.

സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ആശ്രയ കേന്ദ്രമായി മാറിയ കലവറ പദ്ധതി എല്ലാ ജില്ലകളിലും ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

Sreedevi Kunji

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 169

06.07.2010 ൽ
മറുപടിയ്ക്ക്

## ഐ.ടി രംഗത്തെ ഉന്നത വിദ്യാഭ്യാസം

ചോദ്യം.
ശ്രീ.കെ.ബാബു
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.എ.പി.അനിൽകുമാർ
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

ഉത്തരം
ശ്രീ.വി.എസ്.അച്ചുതാനന്ദൻ
(മുഖ്യമന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ ഐ.ടി രംഗത്തെ ഉന്നത വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ: | സംസ്ഥാനത്തെ ഐ.ടി രംഗത്ത് ഉന്നത വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിന് എടുത്തിട്ടുള്ള നടപടികൾ താഴെ പറയും പ്രകാരമാണ്.<br>1. ഐ.ടി യിലും അനുബന്ധ മേഖലയിലും ഉള്ള വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് നൽകുവാൻ 2009-10 ൽ SPEED-IT പദ്ധതി തുടങ്ങി നടപ്പിലാക്കി വരുന്നു.<br>2. സംസ്ഥാനത്ത് ഐ.ടി രംഗത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ സ്ഥാപനമായ IIITM-K പുനരുജ്ജീവിപ്പിക്കാൻ നടപടിയെടുത്തു. ഈ സ്ഥാപനത്തിന്റെ കാമ്പസിന് സ്വന്തമായി സ്ഥലം കൊടുക്കുകയും കെട്ടിടം പണി ആരംഭിക്കുകയും ചെയ്തു. കുസാറ്റിന്റെ അംഗീകാരമുള്ള 2 മാസ്റ്റർ ലെവൽ കോഴ്സുകൾ 2009-10 ൽ ആരംഭിച്ചു. 2010-11 ൽ 3 പുതിയ മാസ്റ്റർ ലെവൽ കോഴ്സുകൾ തുടങ്ങാനായി നടപടികൾ എടുത്തു വരുന്നു.<br>3. IMG യും IIITM-K യും സംയുക്തമായി ഒരു വർഷം നീണ്ടു നിൽക്കുന്ന e-Governanace ലെ Post Graduate Diploma course 2009-10 ൽ ആരംഭിച്ചു. |

| | |
|---|---|
| | 4. സ്വതന്ത്ര സോഫ്റ്റ് വെയറിൽ പ്രാവീണ്യം നൽകുന്നതിനായി കൊച്ചിയിൽ സിഡിറ്റിന്റെയും കെ.എസ്സ്.ഐ.റ്റി.എം. ന്റെയും സംയുക്ത ആഭിമുഖ്യത്തിൽ CATFOSS ന്റെ പ്രവർത്തനം 2009 മുതൽ ആരംഭിച്ചു. |
| (ബി) ഇതിനായി രൂപീകൃതമായ ഐ.ടി ഇൻസ്റ്റിറ്റ്യൂട്ട് കാമ്പസിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; (സി) ഈ സ്ഥാപനത്തിന്റെ ഒന്നാംഘട്ട പൂർത്തീകരണത്തോടെ ഇവിടെ എന്തൊക്കെ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ? | (ബി&സി) ഐ.ടി ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു സ്ഥാപനം ഇല്ല. Indian Institute of Information Technology & Management-Kerala ആണ് ഐ.ടി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നത്. ഇതിന്റെ കാമ്പസിന്റെ പണി പുരോഗമിച്ചു വരുന്നു. പണി പൂർത്തിയാകുന്നതോടെ വാടകയിൽ പ്രവർത്തിക്കുന്ന IIITM-K യ്ക്ക് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാൻ സാധിക്കും. നിലവിലുള്ള കോഴ്സുകൾ കൂടാതെ 2010-11 ൽ പുതിയതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന കോഴ്സുകൾ നടത്താനുള്ള സൗകര്യങ്ങൾ ഉണ്ടാകും. |

Signature

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.170 — 6.7.2010 ൽ മറുപടിയ്ക്ക്

## നികുതി ചോർച്ച തടയുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.യൂസഫ്<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.സി.എച്ച് .കുഞ്ഞമ്പു<br>ശ്രീ.മുരളി പെരുനെല്ലി | ഡോ.റ്റി .എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നികുതി ചോർച്ച തടയുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | നികുതി ചോർച്ച തടയുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>നികുതി ഭരണത്തിന്റെ കാര്യക്ഷമത ഉയർത്തി നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള ഒട്ടേറെ നൂതന പദ്ധതികൾ വാണിജ്യ നികുതി വകുപ്പിൽ ഇക്കഴിഞ്ഞ നാല് വർഷങ്ങളായി നടപ്പിലാക്കി വരുന്നു. അതിർത്തി കടക്കുന്ന ചരക്കുകളുടെ കണക്ക് ചെക്ക് പോസ്റ്റുകളിലൂടെ ശേഖരിച്ച് ശാസ്ത്രീയ വിശകലനത്തിന് വിധേയമാക്കി നികുതി വെട്ടിപ്പിനുള്ള പഴുതുകൾ പരമാവധി ഇല്ലാതാക്കാനുള്ള ശ്രമം ഫലപ്രദമായിരുന്നു. സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ മുഴുവൻ അഴിമതി വിമുക്തമാക്കാനുള്ള സർക്കാർ നയത്തിന്റെ പ്രാരംഭഘട്ടമായി നടപ്പാക്കിയ അഴിമതിരഹിത വാളയാർ പദ്ധതി സമ്പൂർണ്ണ വിജയമായിരുന്നു. ചെക്ക്പോസ്റ്റുകളിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കുള്ള പ്രത്യേക പരിശീലന പരിപാടികൾ പോലീസ് സംരക്ഷണം ഉറപ്പാക്കൽ, സോഷ്യൽ ആഡിറ്റിങ്ങ്, പ്രധാനപ്പെട്ട എല്ലാ ചെക്ക്പോസ്റ്റുകളിലും കമ്പ്യൂട്ടർ സംവിധാനം പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെയുള്ള ഡിക്ലറേഷൻ വിതരണ സമ്പ്രദായം, ഹെൽപ് ഡെസ്ക് സേവനം തുടങ്ങിയ നികുതി പിരിവ് വർദ്ധിപ്പിക്കാനുള്ള തീവ്ര ശ്രമത്തിന്റെ ഭാഗമായി ഏർപ്പെട്ടു |

| | | | |
|---|---|---|---|
| | | | ത്തിയ പ്രധാനപ്പെട്ട നടപടികളായി രുന്നു. വാളയാർ അതിർത്തി ചെക്ക് പോസ്റ്റിനെ കൂടാതെ മഞ്ചേശ്വരം, അമരവിള ചെക്ക്പോസ്റ്റുകൾ അഴിമതി രഹിത ചെക്ക്പോസ്റ്റായി പ്രഖ്യാപിക്കുകയുണ്ടായി. അമരവിള, വാളയാർ, ഗോപാലപുരം, ഗോവിന്ദപുരം, മീനാക്ഷിപുരം, നടുപ്പുണി, ബംഗ്ര മഞ്ചേശ്വരം, കുമിളി, കൂട്ടുപ്പുഴ എന്നീ ചെക്ക് പോസ്റ്റുകളിൽ വെയ്ബ്രിഡ്ജ് സ്ഥാപിച്ചു. വാണിജ്യ നികുതി ഓഫീസുകളിലെ കാര്യക്ഷമത വർദ്ധിപ്പിച്ച് നികുതി വരുമാനം ഉയർത്താനുള്ള നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായി. മുഴുവൻ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചു. നികുതി കുടിശ്ശിക പരമാവധി പിരിച്ചെടുക്കാനുള്ള ഭാഗമായുള്ള ആംനെസ്റ്റി സ്കീം ഫലപ്രദമായി നടപ്പിലാക്കി. ഈ പ്രവർത്തനങ്ങൾക്ക് പരിചയ സമ്പന്നതയും പ്രതിബദ്ധതയുമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തു ഇതിനു പുറമേ ഒരു ഊർജ്ജിത അപ്പീൽ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് എന്നിവ ഏർപ്പെടുത്തി. |
| (ബി) | സംസ്ഥാനത്തിന്റെ ധനസ്ഥിതി തൃപ്തികരമാണോ എന്നു വ്യക്തമാക്കുമോ; | (ബി) | തൃപ്തികരമാണ് |
| (സി) | സർക്കാരിന്റെ ധനനയത്തിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. | (സി) യും (ഡി) യും | ക്ഷേമപ്രവർത്തനങ്ങൾക്കും അടിസ്ഥാന വികസനമേഖലകൾക്കും പ്രത്യേക ഊന്നൽ നൽകി കൊണ്ടുള്ള ധനനയമാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്കെല്ലാം തന്നെ സാമ്പത്തിക വളർച്ചയുടെ നേട്ടങ്ങൾ ലഭ്യമാകത്തക്കതരത്തിൽ സാമൂഹ്യക്ഷേമ നടപടികൾ കൈക്കൊള്ളുക എന്നതാണ് സർക്കാർ നയം. ഇതിന്റെ ഭാഗമായി പൊതുവിതരണ സമ്പ്രദായം ശക്തി |

| | | |
|---|---|---|
| | | പ്പെടുത്തുന്നതിനുവേണ്ടി ഭക്ഷ്യ സബ്സിഡി നൽകുക, വിവിധ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുക, ആരോഗ്യ ഇൻഷുറൻസ് സംവിധാനം വിപുലപ്പെടുത്തുക തുടങ്ങിയ നിരവധി സാമൂഹ്യ സുരക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ട് മാന്ദ്യ വിരുദ്ധ പാക്കേജിലുൾപ്പെടുത്തി വിവിധ വകുപ്പുകൾ ആരംഭിച്ച നിരവധി നിർമ്മാണ പ്രവർത്തനങ്ങളും പദ്ധതികളും പുരോഗമിച്ചു വരികയാണ്. കാലാവസ്ഥാ വ്യതിയാനം വരുത്തിവയ്ക്കാവുന്ന പ്രത്യാഘാതത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ജൈവ വൈവിധ്യ സംരക്ഷണത്തിലധിഷ്ഠിതമായ ആസൂത്രണത്തിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. ഇതിന്റെ ഭാഗമായി ഊർജ്ജ ദുർവ്യയം ഒഴിവാക്കുന്നതിന് ക്രിയാത്മക നടപടികൾ സ്വീകരിച്ചു വരുന്നു. സ്ത്രീ പുരുഷ സമത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകുന്ന സ്കീമുകൾക്ക് ഊന്നൽ നൽകുന്നുണ്ട്. ചെറുകിട- ഇടത്തര വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക, പൊതു മേഖലാ സംരംഭങ്ങൾ ശക്തിപ്പെടുത്തുക എന്നിവ സർക്കാരിന്റെ സുപ്രധാന നയങ്ങളാണ്. |
| (ഡി) | ക്ഷേമപ്രവർത്തനങ്ങൾക്കും അടിസ്ഥാന വികസന മേഖലകൾക്കും മുൻഗണന നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | |

Chandrika

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171 — 06.07.2010 ൽ മറുപടിയ്ക്ക്

**സ്റ്റേറ്റ് ഡാറ്റാ സെന്റർ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. പി.കെ. അബ്ദുറബ്ബ് | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ നടത്തിപ്പ് ഏത് കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്; | (എ) സ്റ്റേറ്റ് ഡേറ്റാ സെന്ററിന്റെ ഫസിലിറ്റി മാനേജ്മെന്റ് റിലയൻസ് കമ്യൂണിക്കേഷൻസ് ഇൻഫ്രാസ്ട്രക്ചർ എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. |
| (ബി) പൊതുമേഖലാ സ്ഥാപനങ്ങളെ പ്രസ്തുത സെന്ററിന്റെ നടത്തിപ്പിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്ത്; | (ബി) ഇല്ല. സ്റ്റേറ്റ് ഡേറ്റാ സെന്ററിന്റെ നിയന്ത്രണം പൊതുമേഖലാ സംരംഭമായ സംസ്ഥാന ഐ.റ്റി. മിഷനാണ്. ഫസിലിറ്റി മാനേജ്മെന്റ് മാത്രമാണ് ടെൻഡർ മുഖേന ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. |
| (സി) പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പ് ചുമതല ഇപ്പോൾ ഏൽപ്പിച്ചിട്ടുള്ളത് എത്ര കാലത്തേയ്ക്കാണ്; | (സി) 3 വർഷത്തേക്ക്. |
| (ഡി) സെന്ററിന്റെ നടത്തിപ്പിൽ നിന്നും സ്വകാര്യ കമ്പനികളെ ഒഴിവാക്കി പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിന് തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) ടെൻഡർ മുഖേന ഫസിലിറ്റി മാനേജ്മെന്റ് നടത്താനാണ് സർക്കാർ തീരുമാനം. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : T 172* 6.7.2010 ൽ മറുപടിക്ക്

**മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പരിശോധിക്കുന്നതിനും സംവിധാനം**

ചോദ്യം

ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:
ശ്രീ. എ.സി. മൊയ്തീൻ:
ശ്രീ. സി.കെ. പി. പത്മനാഭൻ:

ഉത്തരം

ഡോ. റ്റി.എം.തോമസ് ഐസക്ക്
(ധനകാര്യ വകുപ്പ് മന്ത്രി)

(എ) മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അവ പരിശോധിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കാമോ ;

(എ) പൊതുമരാമത്ത് വകുപ്പിൽ മരാമത്ത് പണികളുടെ ഗുണനിലവാരം വിവിധ തലത്തിലുള്ള എഞ്ചിനീയർമാർ പരിശോധിക്കുന്നുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി വിവിധ യുണിറ്റുകളിലായി ആറ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരെ നിയമിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ അസി. എക്സി. എഞ്ചിനീയർ മാരുടെ കീഴിൽ രണ്ട് ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ (കെ.എസ്.റ്റി.പി) കീഴിലുള്ള റോഡുപണികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പരിശോധി ക്കുന്നതിനും പ്രത്യേകം സജ്ജീകരിച്ച ലാബറട്ടറി പ്രവർത്തിക്കുന്നുണ്ട്. കെട്ടിട വിഭാഗത്തിലെ വകുപ്പുതല ഉദ്യോഗസ്ഥർ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. കൂടാതെ ധന വകുപ്പിന്റെ കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനർ മിന്നൽ പരിശോധനകളും സാങ്കേതിക പരിശോധനകളും നടത്തി മിക്ക പൊതുമരാമത്ത് പ്രവൃത്തികളുടെയും

ഗുണ നിലവാരം ഉറപ്പുവരുത്താറുണ്ട്. കൂടാതെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയും (വി.എ.സി.ബി) പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിച്ച് ആവശ്യമായ കേസുകളിൽ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യാറുണ്ട്.

ബി) ഇത് മെച്ചപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ട്

(സി) ഗുണനിലവാര പരിശോധനയ്ക്കും, നിയന്ത്രണത്തിനുമായി ജില്ലാതല ഗുണനിലവാര യൂണിറ്റ് രൂപികരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകൾ രൂപികരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) വിവിധ പണികൾക്ക് ഉപയോഗിക്കുന്ന നിർമ്മാണ സാമഗ്രികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ ?

(ഡി) നിർമ്മാണ സാമഗ്രികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. ദേശീയപാതാവിഭാഗത്തിൽ പൊതുമരാമത്ത് പണികൾക്ക് ഉപയോഗിക്കുന്ന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബുകൾ എഗ്രിമെന്റ് പ്രകാരം കരാറുകാർ തന്നെ സജ്ജീകരിക്കുകയും അത് പാലിക്കുന്നതായി ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 173 — 06.07.2010-ൽ മറുപടിയ്ക്ക്

## സൈലന്റ് വാലി ജൈവ വൈവിധ്യ ഗവേഷണ കേന്ദ്രം തുടങ്ങുന്നതിന് കേന്ദ്രസർക്കാർ അനുവദിച്ച ധനസഹായം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ. സൈലന്റ് വാലി ജൈവ വൈവിധ്യ ഗവേഷണ കേന്ദ്രം തുടങ്ങുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയതായി പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ; | എ. സൈലന്റ് വാലി സിൽവർ ജൂബിലി ആഘോഷ പരിപാടികളുടെ ഉദ്ഘാടന വേളയിൽ, കേരളത്തിന് അന്താരാഷ്ട്ര നിലവാരമുള്ള ഒരു ജൈവവൈവിധ്യ ഗവേഷണ കേന്ദ്രം തുടങ്ങുന്നതിനായി സാമ്പത്തിക സഹായം ലഭ്യമാക്കാമെന്ന് ബഹു. കേന്ദ്ര വനം-പരിസ്ഥിതി സഹമന്ത്രി വാഗ്ദാനം നൽകുകയുണ്ടായി. ഗവേഷണ കേന്ദ്രത്തിന് കേന്ദ്രസർക്കാരിൽ നിന്നും ഔദ്യോഗിക അനുമതി ലഭിച്ചിട്ടില്ല. |
| ബി. ഈ സ്ഥാപനം എവിടെ സ്ഥാപിക്കണമെന്നത് സംബന്ധിച്ച് വനം വകുപ്പിൽ എന്തെങ്കിലും ആശയക്കുഴപ്പം നിലനിൽക്കുന്നുണ്ടോ ; | ബി. ഈ സ്ഥാപനം പാലക്കാട് ജില്ലയിൽ സൈലന്റ് വാലിയ്ക്കടുത്തുള്ള പ്രദേശത്ത് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലം സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. ഇതു സംബന്ധിച്ച് വനം വകുപ്പിന് യാതൊരു ആശയക്കുഴപ്പവുമില്ല. |
| സി. ഈ കേന്ദ്രം അട്ടപ്പാടിയിൽ സ്ഥാപിക്കണമെന്നത് സംബന്ധിച്ച് കേന്ദ്ര നിലപാട് അറിയിച്ചിട്ടുണ്ടോ ; | സി. ഇല്ല. |
| ഡി. ഈ കേന്ദ്രത്തിന്റെ ആദ്യഘട്ടത്തിൽ എന്തു ധനസഹായമാണ് കേന്ദ്രം ലഭ്യമാക്കുന്നത്.<br><br>ഇ. പ്രസ്തുത ധനസഹായം ലഭ്യമാക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്ത് ? | ഡി. ഇ. ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനായി 10.65 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ആദ്യഘട്ടമായി 5 കോടി രൂപ കേന്ദ്ര സർക്കാർ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം
നമ്പർ: 174

06- 07-2010-ൽ മറുപടിക്ക്

## വിമുക്തഭടന്മാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ.കെ.വി. കുഞ്ഞിരാമൻ<br>ശ്രീ.പി. വിശ്വൻ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) വിമുക്തഭടന്മാരുടേയും അവരുടെ ആശ്രിതരുടേയും ക്ഷേമത്തിനും പുനരധിവാസത്തിനുമായി എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകുന്നത്; | (എ) വിമുക്തഭടന്മാരുടേയും അവരുടെ ആശ്രിതരുടേയും ക്ഷേമത്തിനും പുനരധിവാസത്തിനുമായി സർക്കാർ നൽകി വരുന്ന സഹായങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധം 1 - ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) സ്റ്റേറ്റ് മിലിറ്ററി ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; | ബി) സ്റ്റേറ്റ് മിലിറ്ററി ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായത്തിന് ആർമിയിലുള്ള സുബേദാർ മേജർ, നേവിയിലും എയർഫോഴ്സിലുമുള്ള തത്തുല്യറാങ്കു വരെയുള്ളവരിൽ നിന്നും വിരമിച്ച വിമുക്തഭടന്മാർക്കും ആശ്രിതർക്കുമാണ് അർഹത. ഓരോ സ്കീമിനും വേർതിരിച്ചുള്ള മാനദണ്ഡം |

| | |
|---|---|
| | അനുബന്ധം - II ആയി ഉൾക്കൊള്ളി ച്ചിട്ടുണ്ട്. |
| (സി) എത്ര വിമുക്തഭടന്മാരെ ഹോം ഗാർഡു കളായി നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടു ത്തുമോ; | സി) 1998 പേരെ വിവിധ ജില്ലകളിൽ ഹോം ഗാർഡുകളായി നിയമിച്ചിട്ടുണ്ട്. |
| (ഡി) തീരദേശ സേനയിൽ വിമുക്തഭടന്മാരുടെ സേവനം പ്രയോജനപ്പെടുത്താൻ തീരുമാനി ച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഡി) തീരുമാനിച്ചിട്ടുണ്ട്, ഇന്ത്യൻ നേവിയിൽ നിന്നും വിരമിച്ചവരെ ഹോം ഗാർഡുകളായി തിരഞ്ഞെടുത്ത് കോസ്റ്റൽ പോലീസ് സ്റ്റേഷനിലേക്ക് നിയമിക്കുവാൻ അനുവാദം നൽകി ക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

(അനുബന്ധങ്ങൾ I, II നിയമസഭ ലൈബ്രറിയിൽ ലഭ്യമാണ്)

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 175

06-07-2010 -ൽ മറുപടിയ്ക്ക്

പൊതുനിരത്തിൽ യോഗം നിരോധിച്ച ഉത്തരവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ. വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) പൊതുനിരത്തിൽ പൊതു യോഗങ്ങൾ നിരോധിച്ചു കൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് അനന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ബി) വിധിന്യായത്തിൻമേലുള്ള നിയമോപദേശം തേടി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :**176.**

6..7..2010-ൽ മറുപടിക്ക്

## "ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വിദേശ പദ്ധതി"

**ചോദ്യം**

**ശ്രീ. കെ. അച്ചുതൻ.**
**ശ്രീ. വി.ഡി. സതീശൻ.**

**ഉത്തരം**

**ശ്രീ. സി. ദിവാകരൻ**

**(ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്തെ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശ രാജ്യങ്ങളുടേയും ഈ രംഗത്ത് പ്രവർത്തിക്കുന്ന വൻകിട ക്ഷീര വ്യവസായ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇതിനായി ഫ്രഞ്ച് സർക്കാരുമായി സർക്കാർ ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളിൽ ധാരണയായിട്ടുണ്ട് എന്നറിയിക്കുമോ; | (എ) & (ബി) സംസ്ഥാനത്തെ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നും ഉത്പാദനക്ഷമത കൂടിയ ബീജവും ഭ്രൂണവും ഇറക്കുമതി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഫ്രാൻസിൽ നിന്നും മൊബിലിയാർഡ് ഇനത്തിന്റെ ബീജവും ഭ്രൂണവും ഇറക്കുമതി ചെയ്യുന്നതിന് ധാരണയായിട്ടുണ്ട് |
| (സി) കന്നുകാലികളുടെ വർഗ്ഗോദ്ധാരണം വഴി കൂടുതൽ മെച്ചപ്പെട്ട പാലുല്പാദനം കൈവരിക്കുന്നതിന് എന്തൊക്കെ കരാറുകൾക്കാണ് രൂപം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) കന്നുകാലികളുടെ വർഗ്ഗോദ്ധാരണം വഴി കൂടുതൽ മെച്ചപ്പെട്ട പാലുല്പാദനം കൈവരിക്കുന്നതിന് ഉല്പാദനശേഷി കൂടിയ മൊബിലിയാർഡ് ഇനത്തിന്റെ ബീജവും ഭ്രൂണവും ഇറക്കുമതി ചെയ്യുന്നതിന് ധാരണയായിട്ടുണ്ട്. |
| (ഡി) മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതിയിൻ കീഴിൽ എന്തൊക്കെ ധാരണകളായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതിയിൻ കീഴിൽ ധാരണയൊന്നും ഉണ്ടാക്കിയിട്ടില്ല. |

(ഈ) ഫ്രഞ്ച് സർക്കാരിന്റെ സഹകരണത്തോടെ സംസ്ഥാനത്ത് പ്രതിവർഷം എത്ര ദശലക്ഷം ലിറ്റർ പാൽ കൂടുതൽ ഉല്പാദിപ്പിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നറിയിക്കുമോ?

(ഇ) പരീക്ഷണ അടിസ്ഥാനത്തിൽ ഫ്രഞ്ച് സർക്കാരിന്റെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പദ്ധതി പ്രാരംഭഘട്ടത്തിലായതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമാകുന്നതേയുള്ളൂ.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 177 **6.07.2010** - ൽ മറുപടിക്ക്

<u>ഭവനനിർമ്മാണബോർഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
| --- | --- | --- |
| ശ്രീ. എ.എ. ഷുക്കൂർ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. ടി.എൻ. പ്രതാപൻ | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഇന്ന് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; | (എ) | സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് 12.6.2009-ലെ G.O(MS) No. 23/2009/Hsg, പ്രകാരം സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 20.3.2009-ലെ G.O(MS) No. 12/2009/ Hsg, പ്രകാരം ബോർഡിന്റെ കൈവശം കൊച്ചിൻ മറൈൻ ഡ്രൈവിലുള്ള ഭൂമിയും മറ്റു പ്രധാന സ്ഥലങ്ങളിലുള്ള വസ്തുവകകളും പബ്ളിക്-പ്രൈവറ്റ് പാർട്നർഷിപ്പിലൂടെ (PPP) Special purpose vehicle രൂപീകരിച്ച് നടപ്പിലാക്കുന്നതിനായി കൺസൾട്ടന്റുകളെ തെരഞ്ഞെടുക്കുന്നതിന് ബോർഡിന് അധികാരം നൽകിയിട്ടുണ്ട്. അതുപോലെ ബോർഡിന്റെ കൈവശമുള്ള വസ്തുവകകളിൽ Build-Share-Transfer (BST) രീതിയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തത്വാധിഷ്ഠിത അംഗീകാരം 7/9/2009-ലെ G.O(MS)No. 31/2009/Hsg. പ്രകാരം ഭവനനിർമ്മാണ ബോർഡിനു നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) ഈ സർക്കാർ അധികാര മേറ്റശേഷം, സംസ്ഥാന ഭവനനിർമ്മാണ ബോർഡ് എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയത്; | (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം ഭവനനിർമ്മാണ ബോർഡു മുഖേന നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി<br>2. സുരക്ഷാ ഭവന പദ്ധതി<br>3. ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം<br>4. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ<br>5. Build-Share-Transfer രീതിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ<br>6. കൊച്ചി മറൈൻ ഡ്രൈവ് പദ്ധതി<br>7. ദേവികുളത്ത് സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള ഭവനപദ്ധതി<br>8. Pravasi affordable Housing Scheme<br>9. സർക്കാർ ജീവനക്കാർക്കുള്ള Affordable Housing Scheme. |
| (സി) പ്രസ്തുത കാലയളവിൽ ഹഡ്കോ മുതലായ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന ഭവന ബോർഡിന് എന്തൊക്കെ ധനസഹായങ്ങളാണ് ലഭിച്ചത് ? | (സി) | ഹഡ്കോയിൽ നിന്നും ഈ കാലയളവിൽ ധനസഹായമൊന്നും ലഭിച്ചിട്ടില്ല. |

Sudhir Kumar

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 178

6.7.2010 ൽ മറുപടിയ്ക്ക്

## ടെക്നോലോഡ്ജ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ ;<br>ശ്രീ. കെ.സി. രാജഗോപാലൻ ;<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി ;<br>ശ്രീ. വി. ചെന്താമരാക്ഷൻ ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

എ) ഗ്രാമീണമേഖലയിൽ ഐ.ടി. രംഗത്തെ തൊഴിൽ ലക്ഷ്യമിട്ട് ആവിഷ്ക്കരിച്ച ടെക്നോലോഡ്ജ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ;

ബി) പദ്ധതി ആരംഭിക്കുന്നതിന് എത്ര പേർ മുന്നോട്ടു വന്നിട്ടുണ്ട് ; എത്ര പേർക്ക് അനുമതി നൽകി എന്നു വെളിപ്പെടുത്തുമോ ;

(എ) യും (ബി) യും

ടെക്നോലോഡ്ജുകൾ ആരംഭിക്കുന്നതിനായി 27 ഓളം അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇവയിൽ ചില അപേക്ഷകൾ പദ്ധതിക്ക് അനുയോജ്യമല്ലാത്തതിനാൽ പരിഗണിച്ചിട്ടില്ല. മറ്റ് ചില അപേക്ഷകൾ പരിശോധനയിലാണ്. താഴെപ്പറയുന്ന 11 ടെക്നോലോഡ്ജുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 1. | കടയ്ക്കൽ ഗ്രാമപഞ്ചായത്ത് | (കൊല്ലം) |
| 2. | പെരിനാട് ,, | ,, |
| 3. | വെളിയം ,, | ,, |
| 4. | അഞ്ചൽ ,, | ,, |
| 5. | പൂതക്കുളം ,, | ,, |
| 6. | പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് | ,, |
| 7. | കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | (ഇടുക്കി) |
| 8. | തിരുമാറാടി ,, | (എറണാകുളം) |
| 9. | കൊടകര ബ്ലോക്ക് പഞ്ചായത്ത് | (തൃശ്ശൂർ) |
| 10. | വെല്ലൂർ ഗ്രാമപഞ്ചായത്ത് | ,, |
| 11. | മയ്യിൽ ,, | (കണ്ണൂർ) |

ഇതിൽ പൈലറ്റ് പദ്ധതിയായി ആവിഷ്കരിച്ച കൊല്ലം ജില്ലയിലെ പെരിനാട്, കടയ്ക്കൽ എന്നിവിടങ്ങളിൽ പ്രസ്തുത പഞ്ചായത്തുകൾ ലഭ്യമാക്കിയ കെട്ടിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മറ്റുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

സി) ടെക്നോലോഡ്ജ് പദ്ധതിക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

സി) പഞ്ചായത്തുകളോ മറ്റ് ഏജൻസികളോ ടെക്നോലോഡ്ജ് പദ്ധതിക്കായി ലഭ്യമാക്കുന്ന കെട്ടിടങ്ങൾ IT/ITeS/BPO കമ്പനികളുടെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പുന:സജ്ജീകരിച്ച് തത്പരരായ കമ്പനികൾക്ക് വാടകയ്ക്ക് നൽകുകയും അപ്രകാരം ലഭിക്കുന്ന വാടകയിൽ 10% കെട്ടിടം നൽകുന്ന പഞ്ചായത്തുകൾ/ ഏജൻസികൾക്ക് നൽകുന്നതുമാണ്.

| | | | |
|---|---|---|---|
| ഡി) | **എത്ര ടെക്നോലോഡ്ജുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;** | ഡി) | ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ടെക്നോലോഡ്ജുകൾക്ക് ലഭിക്കുന്ന പ്രതികരണങ്ങളുടെയും പഞ്ചായത്തുകളുടെ അഭ്യർത്ഥനകളുടെയും അടിസ്ഥാനത്തിൽ ടെക്നോലോഡ്ജ് പദ്ധതി വിപുലീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഇ) | **പദ്ധതി പൂർത്തിയാകുമ്പോൾ എത്രപേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?** | ഇ) | ഓരോ ടെക്നോലോഡ്ജും പ്രവർത്തിച്ചു തുടങ്ങുമ്പോൾ ഏകദേശം 50 നും 100 നും ഇടയ്ക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## പന്ത്രണ്ടാം നിയമസഭ

പതിനഞ്ചാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 179*
06.07.2010 ൽ മറുപടിയ്ക്ക്

## ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 179*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.ജെ.ജേക്കബ്<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.പി.ടി.എ റഹീം | ബഹു. ധനകാര്യ വകുപ്പുമന്ത്രി<br>ഡോ.തോമസ് ഐസക് |
| എ) ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വകുപ്പ് ശക്തിപ്പെടുത്തുന്നതിനുമായി വകുപ്പിന് 180 അധിക തസ്തികകൾ അനുവദിച്ചുകൊണ്ട് 17.06.2010 ലെ ജി.ഒ (എം.എസ്) 338/10/ധന പ്രകാരം സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. വകുപ്പിൽ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2008-09 സാമ്പത്തിക വർഷം കമ്പ്യൂട്ടർവൽക്കരണത്തിനുള്ള ബഡ്ജറ്റ് വിഹിതമായ 17 ലക്ഷം രൂപയിൽ 16,43,854/- രൂപ കമ്പ്യൂട്ടർ വാങ്ങുന്നതിന് വിനിയോഗിച്ചു. അതു പോലെ തന്നെ 2009-10 സാമ്പത്തിക വർഷം കമ്പ്യൂട്ടർവൽക്കരണത്തിനുള്ള ബഡ്ജറ്റ് വിഹിതമായ 20 ലക്ഷം രൂപയിൽ 19,99,000/- രൂപ ഇതിനായി വിനിയോഗിച്ചു.<br>പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ഓഡിറ്റർമാർക്ക് നൽകി വരുന്ന മൂന്ന് മാസത്തെ പരിശീലനം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുനരാരംഭിച്ചു. ഓഡിറ്റിലെ നവീന രീതികളും മേഖലകളും പരിചയപ്പെടുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ജീവനക്കാർക്ക് കില, ഐ.എം.ജി, ഐ.കെ.എം |

| | |
|---|---|
| | എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. |
| ബി) ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ 06.08.2009 ലെ ജി.ഒ (ആർ.റ്റി) നം.5365/09/ധന പ്രകാരം 14 പുതിയ തസ്തികകളും 17.06.2010 ലെ ജി.ഒ (എം.എസ്) നം.338/10/ധന പ്രകാരം 180 പുതിയ തസ്തികകളും ഉൾപ്പെടെ ആകെ 194 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 5 യൂണിവേഴ്സിറ്റി ഓഡിറ്റ് വിംഗിന്റെയും 5 കോർപ്പറേഷൻ ഓഡിറ്റ് വിഭാഗത്തിന്റെയും മേധാവികളുടെ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. |
| സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ; | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിലേക്കായി ഓരോ വർഷവും ക്രിയാത്മകമായ പരിപാടി നടപ്പിലാക്കി വരുന്നു. ഇതുമൂലം ഓരോ വർഷവുമുള്ള ഓഡിറ്റ് കുടിശ്ശിക ക്രമാനുഗതമായി കുറഞ്ഞുവരുന്നുണ്ട്. സമയ ബന്ധിതമായി കണക്കുകൾ ഹാജരാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഫലമായി വാർഷിക കണക്കുകളുടെ കുടിശ്ശികയിലും കുറവുണ്ടായിട്ടുണ്ട്. |
| ഡി) ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ഏതെല്ലാം സ്ഥാപനങ്ങളുടെ ഓഡിറ്റാണ് ഇപ്പോൾ നടത്തുന്നത്; | ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ഓഡിറ്റ് നടത്തുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധം - 1 ൽ കൊടുത്തിരിക്കുന്നു. |
| ഇ) ഓഡിറ്റ് വിഭാഗത്തിന് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; ഇത് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; | രണ്ടു തരത്തിലുള്ള പരിശീലനമാണ് വകുപ്പുതല ജീവനക്കാർക്ക് നിലവിൽ നൽകുന്നത്. ഒന്ന് പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഓഡിറ്റർമാർക്കുള്ള വകുപ്പുതല സ്റ്റാറ്റ്യൂട്ടറി പരിശീലനവും മറ്റൊന്ന് ഐ.എം.ജി, കില എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് എസ്.റ്റി.പി., റ്റി.ജി.എസ് എന്നിവയുടെ ഭാഗമായി നടത്തപ്പെടുന്ന തുടർപരിശീലന |

| | |
|---|---|
| | പരിപാടികളുമാണ്. സ്ഥിരം പരിശീലന കേന്ദ്രത്തിനു വേണ്ടി 17.06.2010 ലെ ജി.ഒ (എം.എസ്) 338/10/ധന പ്രകാരം ഒരു ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) തസ്തിക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസറുടെ നേതൃത്വത്തിൽ പരിശീലന കേന്ദ്രം പ്രവർത്തിച്ചു തുടങ്ങുമ്പോൾ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഓഡിറ്റർമാർക്ക് നൽകപ്പെടുന്ന വകുപ്പുതല സ്റ്റാറ്റ്യൂട്ടറി പരിശീലനത്തോടൊപ്പം ട്രെയിനിംഗ് പ്ലാൻ അനുസരിച്ചുള്ള തുടർപരിശീലനം സ്ഥിരമായി ഓഡിറ്റ് സ്റ്റാഫിന് നൽകുവാൻ വകുപ്പുതലത്തിൽ തന്നെ കഴിയും. നിലവിലുള്ള സംവിധാനങ്ങൾ പരിശീലന കാര്യത്തിൽ പൂർണ്ണ തോതിൽ പര്യാപ്തമല്ലെങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് മെച്ചപ്പെട്ട പരിശീലനം ജീവനക്കാർക്ക് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1
## ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ഓഡിറ്റ് നടത്തുന്ന സ്ഥാപനങ്ങൾ
## (കെ.എൽ.എഫ് ആക്ട് സെക്ഷൻ 3 (1))

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | മുനിസിപ്പൽ കോർപ്പറേഷൻ |
| 2 | മുനിസിപ്പാലിറ്റികൾ |
| 3 | എല്ലാ പഞ്ചായത്തുകളും<br>ഗ്രാമ പഞ്ചായത്ത്<br>ബ്ലോക്ക് പഞ്ചായത്ത്<br>ജില്ലാ പഞ്ചായത്ത് |
| 4 | യൂണിവേഴ്സിറ്റികൾ |
| 5 | HR & CE സ്ഥാപനങ്ങൾ (ഇപ്പോൾ മലബാർ ദേവസ്വം ബോർഡിനു കീഴിൽ) |
| 6 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 7 | വികസന അതോറിറ്റികൾ |
| 8 | സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് |
| 9 | സർവ്വ വിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട് |
| 10 | മലബാർ മാർക്കറ്റ് കമ്മിറ്റി |
| 11 | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ |
| 12 | സ്പോർട്സ് കൗൺസിലുകൾ (അനുബന്ധസ്ഥാപനങ്ങൾ) |
| 13 | ലൈബ്രറി കൗൺസിലുകൾ(അനുബന്ധസ്ഥാപനങ്ങൾ) |
| 14 | ജവഹർ ബാലഭവനുകളും ജില്ലാ ബാലഭവനുകളും |
| 15 | അനാഥാലയങ്ങൾ |
| 16 | വഖഫ് ബോർഡ് |
| 17 | ഹരിജൻ ഹോസ്റ്റലുകൾ |
| 18 | കേരള ലളിതകലാ അക്കാദമി |
| 19 | കേരള സംഗീത നാടക അക്കാദമി |
| 20 | കേരള സാഹിത്യ അക്കാദമി |
| 21 | കേരള കലാമണ്ഡലം |
| 22 | ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് |
| 23 | റ്റി.ബി അസോസിയേഷൻ |
| 24 | കാൻഫെഡ് |
| 25 | ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് |
| 26 | കേരള പ്രദേശ് ഭാരത് സേവക് സമാജം |
| 27 | SPCA |
| 28 | ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ |
| 29 | കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ |
| 30 | കേരള ഫാർമസി കൗൺസിൽ |
| 31 | കേരള ഡെന്റൽ കൗൺസിൽ |
| 32 | കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം |
| 33 | കെ.യു.ഡി.എഫ്.സി |
| 34 | ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റി |
| 35 | കേരള പോലീസ് വെൽഫയർ ആന്റ് അമിനിറ്റി ഫണ്ട് |
| 36 | കേരള പോലീസ് സ്പോർട്സ് ഫണ്ട് |
| 37 | കേരള മിലിറ്ററി ബനവലന്റ് ഫണ്ട് / ഡിസ്ട്രിക്റ്റ് ബനവലന്റ് ഫണ്ട് / ഫ്ളാഗ് ഡേ ഫണ്ട് |
| 38 | സയൻസ് റിസർച്ച് ഫണ്ട്സ് അണ്ടർ സ്റ്റേറ്റ് കമ്മിറ്റി ഓഫ് സയൻസസ് ആന്റ് ടെക്നോളജി |
| 39 | കേരള പഞ്ചായത്ത് അസോസിയേഷൻ ഫണ്ട് |
| 40 | കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി |
| 41 | കേരള ഖാദി വർക്കേഴ്സ് വെൽഫയർ ഫണ്ട് |
| 42 | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് |
| 43 | കേരള കയർ തൊഴിലാളി ക്ഷേമനിധി |

| | |
|---|---|
| 44 | കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് |
| 45 | കേരള അബ്കാരി വർക്കേഴ്സ് വെൽഫയർ ഫണ്ട് |
| 46 | കള്ള് ചെത്ത് തൊഴിലാളി വെൽഫയർ ഫണ്ട് |
| 47 | ലേബർ വെൽഫയർ ഫണ്ട് |
| 48 | ഹാന്റ്ലൂം വർക്കേഴ്സ് വെൽഫയർ ഫണ്ട് |
| 49 | അഗ്രിക്കൾച്ചറൽ വർക്കേഴ്സ് വെൽഫയർ ഫണ്ട് |
| 50 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി |
| 51 | കേരള കാഷ്യൂ വർക്കേഴ്സ് റിലീഫ് ആന്റ് വെൽഫയർ ഫണ്ട് |
| 52 | ഗ്രാന്റ് ഇൻ എയ്ഡ് സാംസ്കാരിക സ്ഥാപനങ്ങൾ |
| 53 | ബഹു. ഹൈക്കോടതിയുടെ കീഴിൽ വരുന്ന സബ് കോടതികളുടെ ഡെപ്പോസിറ്റ് അക്കൗണ്ടുകളുടെ ഓഡിറ്റ് |
| | ഹൈക്കോടതിയുടെ അനുവാദത്തോടെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ഓഡിറ്റ് ചുമതല ഏൽപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾ |
| 53 | കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി |
| 54 | തിരുവിതാംകൂർ ദേവസ്വം ബോർഡും അനുബന്ധ സ്ഥാപനങ്ങളും |
| 55 | കൊച്ചിൻ ദേവസ്വം ബോർഡും അനുബന്ധ സ്ഥാപനങ്ങളും |
| 56 | ഗുരുവായൂർ ദേവസ്വം |
| 57 | കൂടൽ മാണിക്യം ദേവസ്വം |
| 58 | സർക്കാർ ഉത്തരവിലൂടെ ഓഡിറ്റ് നടത്തപ്പെടുന്ന സ്ഥാപനങ്ങൾ |
| 59 | കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി |
| 60 | കേരള വെറ്ററിനറി കൗൺസിൽ |
| 61 | ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റികൾ |
| 62 | സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് |
| 63 | സൊസൈറ്റി ഫോർ കൺസ്ട്രക്ഷൻ, മെയിന്റനൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ ഓഫ് ദി മൾട്ടിപർപ്പസ് കൾച്ചറൽ കോംപ്ലക്സ്, നളന്ദ, തിരുവനന്തപുരം |
| 64 | സംസ്ഥാന ചലച്ചിത്ര അക്കാദമി |
| 65 | കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് |
| 66 | കേരള ഈറ്റ, കാട്ടുവള്ളി ആന്റ് പനമ്പ് ലീവ്സ് വർക്കേഴ്സ് വെൽഫയർ ബോർഡ് |
| 67 | അമാൽഗമേറ്റഡ് ഫണ്ട് |
| 68 | രാജ്യ സൈനിക ബോർഡും ജില്ലാ സൈനിക ബോർഡുകളും |
| 69 | സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ |
| 70 | ഗ്രൗണ്ട് വാട്ടർ അതോറിറ്റി |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 180** **06.07.2010-ൽ** മറുപടിക്ക്

## കെ.എസ്.ടി.പി. രണ്ടാംഘട്ട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.എൻ. വാസവൻ :**<br>**ശ്രീ. പി. ജയരാജൻ :**<br>**ശ്രീമതി. പി. അയിഷാ പോറ്റി :** | **ഡോ. ടി.എം. തോമസ് ഐസക്ക്**<br>**(ധനകാര്യ വകുപ്പു മന്ത്രി)** |

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട നിർമ്മാണത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(എ) യും (ബി) യും

കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 367. 79 കി.മീ റോഡിന്റെ വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് 2009 മാർച്ചിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. ആയതിന് ഇതുവരെയും അംഗീകാരം ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(സി) രണ്ടാംഘട്ട നിർമ്മാണത്തിന് എത്ര കോടി രൂപയുടെ വായ്പയാണ് സർക്കാർ ലക്ഷ്യമിടുന്നത്;

(സി) 1356 കോടി രൂപയാണ് ലക്ഷ്യമിടുന്നത്.

(ഡി) രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിയ്ക്കുന്ന പ്രവർത്തികൾ താഴെ കൊടുക്കുന്നു.

| സീ. നം | റോഡിന്റെ പേര് | ആകെ നീളം (കി.മീ) |
|---|---|---|
| 1 | കാസർഗോഡ്-കാഞ്ഞങ്ങാട് | 27. 78 |
| 2 | പിലാത്തറ-പാപ്പിനിശ്ശേരി - തളിപ്പറമ്പ് ഇരിട്ടി | 25. 405 |
| 3 | തലശ്ശേരി-പഴശ്ശി-വളവുപാറ | 53. 442 |
| 4 | ചെങ്ങന്നൂർ-കോട്ടയം മൂവാറ്റുപുഴ (എം.സി റോഡ്) | 88. 578 |
| 5 | പുനലൂർ-റാന്നി-പൊൻകുന്നം-തൊടുപുഴ | 131. 825 |
| 6 | പെരുമ്പിലാവ്-പെരിന്തൽമണ്ണ | 40. 76 |

**ആകെ 367. 79**

| | | | |
|---|---|---|---|
| (ഇ) | ഒന്നാംഘട്ട പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ ക്ഴിയുമെന്ന് വെളിപ്പെടുത്തുമോ . | (ഇ) | ഒന്നാംഘട്ട പ്രവർത്തനങ്ങൾ 2010 ഡിസംബർ 31-നകം തീർക്കുവാൻ കഴിയും |
| (എഫ്) | പദ്ധതിക്ക് ആവശ്യമായ സ്ഥലം പൂർണ്ണമായും ഏറ്റെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എഫ്) | ഒന്നാംഘട്ട പണികൾക്ക് ആവശ്യമായ സ്ഥലം മഴുവൻ ഏറ്റെടുത്ത് കഴിഞ്ഞു. രണ്ടാം ഘട്ട പണികൾക്കു വേണ്ട സ്ഥലത്തിന്റെ 90% ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**